2024 OCTOBER
15
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# ഇന്ത്യൻ ഹൈക്കമ്മീഷണറെ തിരിച്ചുവിളിച്ചു
# 6 കനേഡിയൻ നയതന്ത്ര ഉദ്യോഗസ്ഥരെ പുറത്താക്കി; കടുപ്പിച്ച് ഇന്ത്യ



**ന്യൂഡൽഹി:** കാനഡയ്ക്കെതിരെ കടുത്ത നടപടിയിലേക്കു കടന്ന് ഇന്ത്യ. കാനഡയിലെ ഇന്ത്യൻ ഹൈക്കമ്മിഷണർ സഞ്ജയ് കുമാർ വർമയെ കേന്ദ്ര സർക്കാർ തിരിച്ചുവിളിച്ചു. ഇതിനൊപ്പം 6 കനേഡിയൻ നയതന്ത്ര ഉദ്യോഗസ്ഥരെ ഇന്ത്യ പുറത്താക്കി. ഹൈകമ്മിഷണർ ഉൾപ്പെടെ 6 ഇന്ത്യൻ നയതന്ത്ര ഉദ്യോഗസ്ഥരെ പുറത്താക്കിയെന്നു കാനഡ അറിയിച്ചതിനു പിന്നാലെയാണ് ഇന്ത്യയും സമാന നടപടി സ്വീകരിച്ചത്.

ഖലിസ്ഥാൻ തീവ്രവാദി ഹർദീപ് സിങ് നിജ്ജാറിന്റെ കൊലപാതകത്തിൽ ഇന്ത്യൻ ഹൈക്കമ്മിഷണർക്കെതിരെ കേസെടുക്കാനുള്ള കാനഡയുടെ നീക്കത്തിൽ പ്രതിഷേധിച്ചാണു കേന്ദ്ര സർക്കാരിന്റെ നടപടി. കാനഡയുടെ ആരോപണങ്ങൾ തള്ളിയും കടുത്ത ഭാഷയിൽ മറുപടി പറഞ്ഞും രംഗത്തെത്തിയതിനു പിന്നാലെയാണു കേന്ദ്ര നീക്കം. കനേഡിയൻ നയതന്ത്ര പ്രതിനിധിയെ വിദേശകാര്യ മന്ത്രാലയം വിളിച്ചുവരുത്തിയാണു നിലപാട് അറിയിച്ചത്.

നിജ്ജാർ വധത്തിൽ ഇന്ത്യൻ ഹൈക്കമ്മിഷണർ സംശയനിഴലിൽ ആണെന്നു കാനഡ കത്തയച്ചതിനു പിന്നാലെയാണു കേന്ദ്ര സർക്കാർ ശക്തമായ നിലപാട് സ്വീകരിച്ചത്. നിലവിലെ കനേഡിയൻ സർക്കാരിൽ വിശ്വാസം നഷ്ടപ്പെട്ടെന്നും നയതന്ത്ര ഉദ്യോഗസ്ഥരുടെ സുരക്ഷ ഉറപ്പാക്കാനാണു തിരിച്ചുവിളിക്കുന്നതെന്നും കേന്ദ്രം വ്യക്തമാക്കി.

“തീവ്രവാദത്തിന്റെയും അക്രമത്തിന്റെയും അന്തരീക്ഷത്തിൽ, ട്രൂഡോ സർക്കാരിന്റെ നടപടികൾ നയതന്ത്ര ഉദ്യോഗസ്ഥരുടെ സുരക്ഷയെ അപകടത്തിലാക്കുന്നുവെന്ന് അടിവരയിട്ട് പറയേണ്ടതുണ്ട്. അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ നിലവിലെ കനേഡിയൻ സർക്കാരിനുള്ള പ്രതിബദ്ധതയിൽ ഞങ്ങൾക്കു വിശ്വാസമില്ല. അതിനാൽ, ഇന്ത്യൻ ഹൈക്കമ്മിഷണറെയും കാനഡ സർക്കാർ ലക്ഷ്യമിട്ട മറ്റു നയതന്ത്രജ്ഞരെയും ഉദ്യോഗസ്ഥരെയും തിരിച്ചുവിളിക്കാൻ ഇന്ത്യൻ സർക്കാർ തീരുമാനിച്ചു” വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

2023 ജൂണിൽ ഖലിസ്ഥാൻ തീവ്രവാദി ഹർദീപ് സിങ് നിജ്ജാറിന്റെ കൊലപാതകത്തിൽ ഇന്ത്യയ്ക്കു പങ്കുണ്ടെന്നു കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ ആരോപണം ഉന്നയിച്ചശേഷം ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം വഷളായിരുന്നു.

കാനഡയുടെ ആരോപണങ്ങളെ ‘അസംബന്ധം’ എന്നും ’രാഷ്ട്രീയ പ്രേരിതം’ എന്നും ഇന്ത്യ തള്ളിക്കളയുകയും ചെയ്തു.

നിജ്ജാർ വധക്കേസിൽ ഇന്ത്യൻ ഹൈക്കമ്മിഷണർക്കു പങ്കുണ്ടെന്ന തരത്തിൽ കാനഡയുടെ അന്വേഷണ റിപ്പോർട്ട് വന്നതോടെയാണു നയതന്ത്ര പ്രതിസന്ധി വീണ്ടും രൂക്ഷമായത്.

## പാക്കിസ്ഥാനെ 54 റൺസിന് തോൽപിച്ച് ന്യൂസീലൻഡ് ലോകകപ്പ് സെമിയിൽ; ഇന്ത്യ പുറത്ത്

ദുബായ്: ട്വന്റി20 വനിതാ ലോകകപ്പിൽ സെമി ഫൈനൽ കാണാതെ ഇന്ത്യ പുറത്ത്. തിങ്കളാഴ്ച നടന്ന മത്സരത്തിൽ ന്യൂസീലൻഡ് പാക്കിസ്ഥാനെ 54 റൺസിന് തോൽപിച്ചതോടെയാണ് ഇന്ത്യ ലോകകപ്പിൽനിന്നു പുറത്തായത്. എ ഗ്രൂപ്പിൽനിന്ന് രണ്ടാം സ്ഥാനക്കാരായി ന്യൂസീലൻഡ് സെമിയിൽ കടന്നു. മൂന്നു മത്സരങ്ങൾ ജയിച്ച കിവീസിന് ആറു പോയിന്റായി.

നാലു കളികളിൽ രണ്ടുവീതം ജയവും തോൽവിയുമായി ഇന്ത്യയ്ക്ക് നാലു പോയിന്റാണുള്ളത്. മൂന്നാം സ്ഥാനത്തുള്ള ഇന്ത്യ നിർണായക മത്സരത്തിൽ ഓസ്ട്രേലിയയോടു തോറ്റിരുന്നു. മൂന്നാം മത്സരം തോറ്റ പാക്കിസ്ഥാനും ലോകകപ്പിൽനിന്നു പുറത്തായി. ഗ്രൂപ്പ് ഘട്ടത്തിലെ അവസാനത്തെ മത്സരത്തിൽ ആദ്യം ബാറ്റു ചെയ്ത ന്യൂസീലൻഡ് ആറു വിക്കറ്റ് നഷ്ടത്തിൽ 110 റൺസാണു നേടിയത്.

മറുപടി ബാറ്റിങ്ങിൽ ക്യാപ്റ്റൻ ഫാത്തിമ സനയും (23 പന്തിൽ 21) മുനീബ അലിയും (11 പന്തിൽ 15) മാത്രമാണ് പാക്കിസ്ഥാനു വേണ്ടി രണ്ടക്കം കടന്നത്. ന്യൂസീലൻഡിനുവേണ്ടി അമേലിയ കേർ മൂന്നു വിക്കറ്റുകളും എഡൻ കാർസൻ രണ്ടു വിക്കറ്റുകളും സ്വന്തമാക്കി.

## തീവ്ര മഴയ്ക്ക് സാധ്യത; ഒൻപത് ജില്ലകളിൽ ഓറഞ്ച് അലർട്ട്

**തിരുവനന്തപുരം:** സംസ്ഥാനത്ത് അടുത്ത മൂന്ന് ദിവസം തീവ്ര മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൻറെ മുന്നറിയിപ്പ്.

മലപ്പുറം, കണ്ണൂർ ജില്ലകളിൽ ഇന്നും ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ നാളെയും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ഒഴികെയുള്ള ജില്ലകളിൽ വ്യാഴാഴ്ചയും ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു.


പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിൽ ഇന്നും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, കണ്ണൂർ ജില്ലകളിൽ നാളെയും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിൽ വ്യാഴാഴ്ചയും യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.

## പ്രതിഭകളെ യുഎഇയിലേക്ക് ആകർഷിക്കാൻ ദീർഘ കാല വിസയും പൗരത്വവും



**ദുബായ്:** പ്രതിഭാശാലികളെ യുഎഇയിലേക്ക് ആകർഷിക്കാൻ രാജ്യം പ്രതിജ്ഞാബദ്ധമാണെന്നും ഇതിനായി ദീർഘ കാല വിസകളും പൗരത്വവും നൽകുന്നുണ്ടെന്നും അഡ്വാൻസ്ഡ് ടെക്നോളജി റിസർച്ച് കൗൺസിൽ ഡയറക്ടർ ജനറലും യുഎഇ പ്രസിഡൻറിൻറെ ഉപദേഷ്ടവുമായ ഫൈസൽ അൽ ബന്നയ്.

വൾഡ് ട്രേഡ് സെൻററിൽ തുടങ്ങിയ ജൈറ്റക്സ് ഗ്ലോബലിൽ ’നിർമിത ബുദ്ധിസാമൂഹ്യ പരിവർത്തനത്തിൻറെ നേതൃത്വം’ എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ദുബായിൽ ആയിരക്കണക്കിന് പേർക്ക് ഗോൾഡൻ വിസ നൽകിയിട്ടുണ്ടെന്നും രാജ്യം വിജ്ഞാന സമ്പദ് വ്യവസ്ഥയിലേക്ക് നീങ്ങുകയാണെന്നും അദ്ദേഹം പറഞ്ഞു.നിർമിത ബുദ്ധിയുടെ പ്രസക്തി അവഗണിച്ചുകൊണ്ട് മുന്നോട്ട് പോകുക അസാധ്യമാണ്. അടിസ്ഥാനആസൂത്രണത്തിലും ആതിഥേയ വ്യവസായ മേഖലകളിലും എ ഐ തീരുമാനമെടുക്കുന്ന കാലം വിദൂരമല്ല എന്നും അദ്ദേഹം വിശദീകരിച്ചു.യുഎയിലെ എണ്ണയിതര വിഹിതം ഇപ്പോൾ 74 ശതമാനമാണെന്നും 2030 ഓടെ ഇത് 80 ശതമാനമായി ഉയരുമെന്നും സാമ്പത്തിക കാര്യ മന്ത്രി അബ്ദുള്ള ബിൻ തൗക് അൽ മറി പറഞ്ഞു.





എറണാകുളം കച്ചേരിപ്പടി ശ്രീസുധീന്ദ്ര ആശുപത്രിയിൽ ആരംഭിച്ച സെൻട്രൽ സ്റ്റെറൈയിൽ സപ്ലൈ ഡിപ്പാർട്ട് മെന്റിന്റെ പ്രവർത്തന ഉദ്ഘാടനം ഭീമ ജൂവൽസ് ചെയർമാൻ ബി. ബിന്ദു മാധവ് നിർവ്വഹിക്കുന്നു. ഡോ. സച്ചിൻ സുരേഷ്, വി. മനോഹര പ്രഭു, ആർ. രത്നാകര ഷേണായ്, ഡോ. എം. ഐ ജുനൈദ് റഹ്മാൻ, എം. മണിയമ്മ തുടങ്ങിയവർ സമീപം

# സുധീന്ദ്ര ആശുപത്രിയിൽ സെൻട്രൽ സ്റ്റെറൈയിൽ സപ്ലൈ ഡിപ്പാർട്ട് മെന്റ് പ്രവർത്തനം തുടങ്ങി

**കൊച്ചി:** എറണാകുളം കച്ചേരിപ്പടി ശ്രീസുധീന്ദ്ര ആശുപത്രിയിൽ സെൻട്രൽ സ്റ്റെറൈയിൽ സപ്ലൈ ഡിപ്പാർട്ട്മെന്റ് പ്ലാന്റ് ഭീമ ജൂവൽസ് ചെയർമാൻ ബി. ബിന്ദു മാധവ് ഉദ്ഘാടനം ചെയ്തു.

എല്ലാ വിധ മെഡിക്കൽ, സർജിക്കൽ ഉപകരണങ്ങളും മെഷീന്റെ സഹായത്തോടെ പൂർണ്ണമായും അണുവിമുക്തമാക്കുന്ന സംവിധാനം ഭീമാ ജൂവൽസ്സിന്റെ സിഎസ്ആർ ഫണ്ടുപയോഗിച്ചാണ് ആരംഭിച്ചിരിക്കുന്നത്.

ശ്രീസുധീന്ദ്ര മെഡിക്കൽ മിഷൻ പ്രസിഡന്റ് ആർ. രത്നാകര ഷേണായ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

ജനറൽ സെക്രട്ടറി വി. മനോഹര പ്രഭു, മെഡിക്കൽ ഡയറക്ടർ ഡോ. എം. ഐ ജുനൈദ് റഹ്മാൻ, ഡെപ്യൂട്ടി മെഡിക്കൽ ഡയറക്ടർ ഡോ. സച്ചിൻ സുരേഷ്, നേഴ്സിംഗ് ഓഫീസർ റിട്ട. കേണൽ എം. മണിയമ്മ തുടങ്ങിയവർ സംസാരിച്ചു.

# 88 ദിവസത്തെ തീവ്ര പരിചരണം ;തൂക്കക്കുറവോടെ ജനിച്ച കുഞ്ഞിനെ രക്ഷപ്പെടുത്തി

**അങ്കമാലി:** മാസം തികയാതെ, തൂക്കക്കുറവോടെ ജനിച്ച പെൺകുഞ്ഞിനെ രക്ഷപ്പെടുത്തി അങ്കമാലി അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ. 24 ആഴ്ച ഗർഭാവസ്ഥയിൽ ജനിച്ച 600 ഗ്രാം മാത്രം ഭാരമുണ്ടായിരുന്ന ഇരട്ട കുഞ്ഞുങ്ങളിൽ ഒരാളെയാണ് കൃത്യമായ 88 ദിവസത്തെ തീവ്ര പരിചരണത്തിലൂടെ രക്ഷപ്പെടുത്തിയത്. നിരവധി പ്രതിസന്ധികളെ തരണം ചെയ്താണ് കുഞ്ഞ് ജീവിതത്തിലേക്ക് തിരിച്ചെത്തിയത്. ആറുമാസം മാസം തികയാതെ ജനിച്ച കുഞ്ഞിന് ജനന സമയം മുതൽ തീവ്രപരിചരണ വിഭാഗത്തിൽ 25 ദിവസത്തെ ഇൻവേസീവ് വെന്റിലേറ്റർ സപ്പോർട്ടും 50 ദിവസത്തെ നോൺഇൻവേസീവ് റെസ്പിറേറ്ററി സപ്പോർട്ടും നൽകുകയായിരുന്നു. നവജാത ശിശുക്കളിലെ ഡക്ടസ് ആർട്ടീരിയോസ്സ് രക്തക്കുഴൽ അടയാതിരിക്കുന്ന അവസ്ഥയായ പി.ഡി.എ അഥവാ പേറ്റന്റ് ഡക്ടസ് ആർട്ടീരിയോസസുമായി ജനിച്ച കുഞ്ഞിന്റെ രക്തസമ്മർദത്തിൽ വ്യതിയാനമുണ്ടായിരുന്നു. മറ്റു കുഞ്ഞുങ്ങളെപ്പോലെ മുലപ്പാൽ കുടിക്കാനും കുഞ്ഞിന് കഴിയുമായിരുന്നില്ല. ഇത്തരം പ്രശ്നങ്ങൾക്കിടയിലും അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ നിയോനാറ്റോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ജിനോ ജോസഫിന്റെയും നിയോനറ്റോളജിസ്റ്റ് ഡോ. നൈസ് ജോൺസന്റെയും നേതൃത്വത്തിലുള്ള മെഡിക്കൽ സംഘം നൽകിയ 88 ദിവസത്തെ ശ്രദ്ധേയമായ പരിചരണത്തിന് ശേഷം കുഞ്ഞിനെ 2.3 കിലോ ഭാരത്തോടെ ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്തു.

# ഉയർന്ന കെട്ടിടങ്ങൾക്കുള്ള സുരക്ഷാ ബോധവൽക്കരണ പരിപാടി നടക്കും

**കൊച്ചി:** ഉയർന്ന കെട്ടിടങ്ങൾക്കായുള്ള ഇലക്ട്രിക്കൽ, ഫയർ സുരക്ഷാ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് ഒക്ടോബർ 22 ന് കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിൽ വെച്ച് ബോധവൽക്കരണ പരിപാടി 2024 നടക്കും. ഇന്ത്യയിലും വിദേശത്തുമായി നിരവധി ഉയരമുള്ള കെട്ടിടങ്ങളിൽ അടുത്തിടെയുണ്ടായ ദാരുണമായ ജീവഹാനി, ഉയരമുള്ള കെട്ടിടങ്ങളിൽ താമസിക്കുന്നവരോ ജോലി ചെയ്യുന്നവരോ നേരിടുന്ന അഗ്നി സുരക്ഷാ വെല്ലുവിളികൾ എന്നിവ കണക്കിലെടുത്താണ് ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. കേരളാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, കേരളാ ഫയർ ആൻഡ് റെസ്ക്യൂ സെർവീസ്സ്, വ്യവസായ ശാലകൾ എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ദ്ധർ സെഷനുകൾ കൈകാര്യം ചെയ്യും.ലിഫ്റ്റുകളും മറ്റ് ഇലക്ട്രിക്കൽ ഇൻസ്റ്റാലേഷനുകളുമായി ബന്ധപ്പെട്ട നിയമപരമായ ആവശ്യകതകൾ, ഉയർന്ന കെട്ടിടങ്ങളിലെ ലിഫ്റ്റുകളുടെയും മറ്റ് ഇലക്ട്രിക്കൽ സംവിധാനങ്ങളുടെയും ഇലക്ട്രിക്കൽ സുരക്ഷ, പരിചരണം, പരിപാലനം, അഗ്നി സുരക്ഷാ നിയമപരമായ ആവശ്യകതകൾ, ഫയർ സിസ്റ്റങ്ങളുടെ തരങ്ങൾ, ഉപയോഗവും പരിപാലനവും, ഉയർന്ന കെട്ടിടങ്ങളിലെ മോക്ക് ഡ്രിൽ എന്നീ വിഷയങ്ങൾ ബോധവൽക്കരണ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ബിൽഡർമാർ, ഉടമകൾ, ഫെസിലിറ്റി മാനേജർമാർ, സൈറ്റ് എഞ്ചിനീയർമാർ, കൺസൾട്ടന്റുകൾ, ഉയർന്ന കെട്ടിടങ്ങൾ, അപ്പാർട്ടുമെന്റുകൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ എന്നിവയുടെ പ്രതിനിധികൾ എന്നിവർക്ക് പങ്കെടുക്കാവുന്നതാണ്.

# കേരള മീഡിയ അക്കാദമി മാധ്യമ അവാർഡ് എട്ടുപേർക്ക്

**കൊച്ചി:** മാധ്യമ മികവിനുള്ള കേരള മീഡിയ അക്കാദമിയുടെ 2023ലെ മാധ്യമ അവാർഡിന് എട്ടുപേർ അർഹരായി. 25,000/ രൂപയും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്നതാണ് പുരസ്കാരമെന്ന് അക്കാദമി ചെയർമാൻ ആർ.എസ്. ബാബു പറഞ്ഞു.മികച്ച എഡിറ്റോറിയലിനുള്ള വി. കരുണാകരൻ നമ്പ്യാർ അവാർഡ് മാധ്യമം ജോയിന്റ് എഡിറ്റർ പി.ഐ. നൗഷാദിനാണ്. വ്യക്തിവിവര സുരക്ഷാ നിയമം: മരുന്ന് രോഗമാവുമ്പോൾ എന്ന 2023 ആഗസ്റ്റ് 10 ന് പ്രസിദ്ധീകരിച്ച എഡിറ്റോറിയലാണ് നൗഷാദിനെ അവാർഡിന് അർഹനാക്കിയത്. ഡോ. സെബാസ്റ്റ്യൻ പോൾ, ഡോ. പി.കെ. രാജശേഖരൻ, ഡോ. എ.ജി. ഒലീന എന്നിവരായിരുന്നു വിധിനിർണ്ണയ സമിതിയംഗങ്ങൾ. മികച്ച അന്വേഷണാത്മക റിപ്പോർട്ടിനുള്ള ചൊവ്വര പരമേശ്വരൻ അവാർഡ് ട്രൂകോപ്പി തിങ്കിലെ നാഷിഫ് അലിമിയാനാണ്. രാസവിഷനദിക്കരയിലെ മരിച്ചു കൊണ്ടിരിക്കുന്ന മനുഷ്യർ എന്ന ലേഖനമാണ് പുരസ്കാരത്തിന് നിദാനം. എം.പി.അച്യുതൻ, ഡോ. നടുവട്ടം സത്യശീലൻ, ബൈജു ചന്ദ്രൻ എന്നിവരായിരുന്നു ജൂറി.മികച്ച ഹ്യൂമൻ ഇന്ററസ്റ്റ് സ്റ്റോറിക്കുള്ള എൻ. എൻ. സത്യവ്രതൻ അവാർഡിന് മലയാള മനോരമ ചീഫ് സബ് എഡിറ്റർ ടി. അജീഷ് അർഹനായി. ഗുഹ മുതൽ നോർവെ വരെ എന്ന പരമ്പരയിലൂടെയാണ് അവാർഡിന് തിരഞ്ഞെടുത്തത്. കെ.വി. സുധാകരൻ, കെ.ജി.ജ്യോതിർഘോഷ്, വി.എം. അഹമ്മദ് എന്നിവരടങ്ങിയതാണ് ജൂറി.മികച്ച പ്രാദേശിക പത്രപ്രവർത്തനത്തിനുള്ള ഡോ. മൂർക്കന്നൂർ നാരായണൻ അവാർഡ് മലയാള മനോരമ പൊന്നാനി ബ്യൂറോയിലെ ജിബീഷ് വൈലിപ്പാട്ടിനാണ്. ആറുവരിപ്പാതയുടെ വികസനത്തെ സമഗ്രമായി നോക്കിക്കാണുന്ന ആറുവരി സ്വപ്നങ്ങൾ എന്ന പരമ്പരയാണ് അവാർഡിന് അർഹനാക്കിയത്. ബാലകൃഷ്ണൻ വി.ഇ, പി.വി. മുരുകൻ, എസ്.നാസർ എന്നിവരടങ്ങിയതാണ് ജൂറി.കേരള മീഡിയ അക്കാദമിയുടെ ന്യൂസ് ഫോട്ടോഗ്രഫി അവാർഡിന് മലയാള മനോരമയുടെ ഫോട്ടോഗ്രഫർ റിങ്കുരാജ് മട്ടാഞ്ചേരിയിൽ അർഹനായി. പിറ്റിൽ പിഴച്ചു, ട്രിപ്പിൾ ജംപ് താരത്തിന്റെ കാലൊടിഞ്ഞു എന്ന ചിത്രമാണ് റിങ്കുരാജിനെ അവാർഡിനർഹനാക്കിയത്.മാതൃഭൂമി ഫോട്ടോഗ്രഫർ സാജൻ വി. നമ്പ്യാരുടെ ലഹരിയുടെ ചോരപ്പാടുകൾ എന്ന ചിത്രത്തിന് ജൂറിയുടെ പ്രത്യേക പുരസ്കാരം ലഭിച്ചു. 10000 രൂപയും പ്രശസ്തി പത്രവും ശിൽപവും അടങ്ങുന്നതാണ് പ്രത്യേക പുരസ്കാരം. ഷാജി എൻ. കരുൺ, വിധു വിൻസന്റ്, രാഖി യു.എസ്. എന്നിവരാണ് അവാർഡിന് അർഹമായ ചിത്രങ്ങൾ തെരഞ്ഞെടുത്തത്.മികച്ച ദൃശ്യ മാധ്യമ പ്രവർത്തനത്തിനുള്ള കേരള മീഡിയ അക്കാദമി അവാർഡിന് അമൃത ടിവിയിലെ ബൈജു സി.എസ്. അർഹനായി. വിശാലമ്മ എന്ന വയോധികയുടെ ജീവിതത്തിന്റെ പരിച്ഛേദം അനാവരണം ചെയ്യുന്ന വിശാലമ്മ എന്ന റിപ്പോർട്ടാണ് ബൈജുവിനെ അവാർഡിന് അർഹനാക്കിയത്.മാതൃഭൂമി ന്യൂസ് ചാനലിലെ റിയ ബേബി തയ്യാറാക്കി അവതരിപ്പിച്ച എനിക്ക് കേൾക്കുന്നില്ല എന്ന പരിപാടിക്ക് ജൂറിയുടെ പ്രത്യേക പുരസ്കാരം ലഭിച്ചു. ജേക്കബ് പുന്നൂസ്, കെ. കുഞ്ഞികൃഷ്ണൻ, ഡോ. മീന ടി. പിള്ള എന്നിവരായിരുന്നു അവാർഡ് നിർണ്ണയ സമിതി അംഗങ്ങൾ.



# വൈ.എം.സി.എയുടെ പാലിയേറ്റീവ് കെയർ ആശ്വാസ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** എറണാകുളം വൈ.എം.സി.എയുടെ പാലിയേറ്റീവ് കെയർ പ്രൊജക്റ്റ് ആശ്വാസ് വൈ.ഡബ്ലിയു.സി.എ. പ്രസിഡന്റ് ശ്രീമതി സുജാത മേരി തോമസ് ഉദ്ഘാടനം ചെയ്തു. വൈ.എം.സി.എ പ്രസിഡന്റ് ഡോ. ടെറി തോമസ് എടത്തൊട്ടി അധ്യക്ഷത വഹിച്ചു. ആശ്വാസിന്റെ ഭാഗമായി ക്യാൻസർ ഡയബെറ്റിക് ബാധിച്ച കിടപ്പുരോഗികൾക്ക് പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങുവാൻ സഹായം നൽകും. വൈ.എം.സി.എ യുടെ സമീപ പ്രദേശത്തുള്ള കിടപ്പുരോഗികൾക്കാണ് പ്രാധാന്യം നൽകുന്നത്. വൈ.എം.സി.എ.യുടെ സോഷ്യൽ സർവീസ് ചെയർമാൻ, എബ്രഹാം സൈമൺ.വി., റെവ.ഡോ.കുര്യാക്കോസ് തണ്ണിക്കോട്ട്, ഹോണററി. ട്രഷർ ഷോൺ ജെഫ് ക്രിസ്റ്റഫർ, സജി എബ്രഹാം, ആന്റോ ജോസഫ്, ജനറൽ സെക്രട്ടറി എന്നിവർ സംസാരിച്ചു.

## എം.ഫാം കോഴ്സ്: ഓൺലൈനായി അപേക്ഷിക്കാം

**തിരുവനന്തപുരം:** കേരളത്തിലെ സർക്കാർ ഫാർമസി കോളേജുകളിലേയ്ക്കും സ്വാശ്രയ ഫാർമസി കോളേജുകളിലെ സർക്കാർ മെറിറ്റ് സീറ്റുകളിലേയ്ക്കും 202425 അധ്യയന വർഷത്തെ എം.ഫാം കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി 2023 ലെയും 2024 ലെയും ഗ്രാജ്വേറ്റ് ഫാർമസി ആപ്റ്റിറ്റിയൂഡ് ടെസ്റ്റ് പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു.

യോഗ്യത നേടിയിട്ടുള്ള സർവ്വീസ് വിഭാഗക്കാർക്കും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിലൂടെ ഒക്ടോബർ 16 ന് വൈകുന്നേരം 3.00 മണിവരെ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാം. അപ്‌ലോഡ് ചെയ്യുന്ന രേഖകളുടെ അസ്സൽ പകർപ്പുകൾ അഡ്മിഷൻ സമയത്ത് ബന്ധപ്പെട്ട കോളേജുകളിൽ ഹാജരാക്കണം. ഫോൺ: 0471 2525300.

## കെൽട്രോണിൽ ഡിപ്ലോമ കോഴ്സ്

**തിരുവനന്തപുരം:** കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന്റെ ആയുർവേദ കോളേജ് നോളഡ്ജ് സെന്ററിൽ ഡിപ്ലോമ ഇൻ ജിഎസ്ടി ലോ ആൻഡ് പ്രൊസീജേഴ്സ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.

ജിഎസ്ടിക്കു പുറമെ ഫിനാൻഷ്യൽ അക്കൗണ്ടിങ് ടാലി ജിഎസ്ടി അക്കൗണ്ടിങ്ങും കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് കെൽട്രോൺ നോളഡ്ജ് സെന്റർ രണ്ടാം നില, റാംസാമ്രാട്ട് ബിൽഡിങ്, ധർമ്മാലയം റോഡ്, ആയുർവേദ കോളേജ്, തിരുവനന്തപുരം എന്ന വിലാസത്തിലോ 04714062500, 8078097943, 8086691088 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടണം.

## എൽ.എൽ.ബി.: ഒന്നാംഘട്ട കേന്ദ്രീകൃത അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

**തിരുവനന്തപുരം:** കേരളത്തിലെ നാല് ഗവൺമെന്റ് ലോ കോളേജുകളിലെ മുഴുവൻ സീറ്റുകളിലേക്കും 12 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെ സർക്കാർ സീറ്റുകളിലേക്കും ത്രിവത്സര എൽ.എൽ.ബി കോഴ്സ് പ്രവേശനത്തിനുള്ള ഒന്നാംഘട്ട അന്തിമ അലോട്ട്മെന്റ് www.cee.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾ അലോട്ട്മെന്റ് മെമ്മോയും പ്രോസ്പെക്ടസ് ക്ലോസ് 19 ൽ പറയുന്ന അസൽ രേഖകളും സഹിതം ഒക്ടോബർ 22 ന് വൈകുന്നേരം 3 മണിക്കുള്ളിൽ ബന്ധപ്പെട്ട കോളേജിൽ നേരിട്ട് ഹാജരായി അഡ്മിഷൻ നേടണം.

മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ ഒക്ടോബർ 18 മുതൽ 22 വൈകുന്നേരം 3 മണിവരെയാണ് പ്രവേശനം നടത്തുന്നത്. വിശദവിവരങ്ങൾക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഫോൺ: 0471 2525300.




# റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ഗ്ലോബൽ വൈറ്റ് കെയ്ൻ ദിനം ആചരിച്ചു

**കൊച്ചി:** കാഴ്ച പരിമിതർ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ഗ്ലോബൽ ഇൻഫോപാർക്കിൽ വൈറ്റ് കെയ്ൻ ദിനം ആഘോഷിച്ചു.

കാഴ്ചയില്ലാത്തവരുടെ സഞ്ചാര സഹായിയാണ് വൈറ്റ് കെയ്ൻ. കണ്ണുകൾ കെട്ടി വൈറ്റ് കെയിനിന്റെ സഹായത്തോടെ റാലി നടത്തിയാണ് റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ഗ്ലോബൽ അംഗങ്ങൾ സന്ദേശവാഹകരായത് .

റോട്ടറി ഡിസ്ട്രിക്ട് ഗവർണർ സുന്ദരവടിവേലു, മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി (എം.പി.ഇ.ഡി.എ) ചെയർമാൻ ഡി.വി. സ്വാമി ഐഎഎസ്; ഡോ.സൂര്യ തങ്കപ്പൻ ഐ.പി.എസ്, റോട്ടറി ഡിസ്ട്രിക്ട് അസിസ്റ്റന്റ് ഗവർണർ ജെ.ജെ.തോമസ്, റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ഗ്ലോബൽ പ്രസിഡന്റ് ഡോ.സുജിത് ജോസ്, നടൻ സുധീർ സുകുമാരൻ എന്നിവർ റാലി നയിച്ചു.

അന്താരാഷ്ട്ര വൈറ്റ് കെയിൻ ദിനാചരണം, കാഴ്ചശക്തി നഷ്ടപ്പെട്ടവരുടെ സ്വാതന്ത്ര്യത്തിന്റെയും, നിശ്ചയദാർഢ്യത്തിന്റെയും വിളംബരം കൂടിയാണെന്ന് റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ഗ്ലോബൽ പ്രസിഡന്റ് ഡോ. സുജിത് ജോസ് പറഞ്ഞു.

റോട്ടറി ക്ലബ്ബ് ഓഫ് ഗ്ലോബൽ ഫൗണ്ടേഷന്റെ 'പ്രോജക്ട് സൂര്യ', കഴിഞ്ഞ 18 വർഷമായി കാഴ്ച പരിമിതരുടെ ശാക്തീകരണത്തിനായി പ്രവർത്തിക്കുന്നുണ്ട്. കമ്പ്യൂട്ടർ വിദ്യാഭ്യാസം, തനിയെയുള്ള യാത്രാ പരിശീലനം, ആശയവിനിമയം എന്നിവയിലൂടെ കാഴ്ച്ച പരിമിതർക്ക് തൊഴിലും സ്വയം പര്യാപ്തതയും നേടാനുള്ള പ്രവർത്തനമാണ് സൂര്യ നടത്തുന്നത്. ഇൻഫോപാർക്കിലെ വിസ്മയ ബിൽഡിംഗിലാണ് ഓഫീസ്. ഇനേബിൾ ഇന്ത്യയുടെ സഹകരണവും ഇതിനുണ്ട്.

# കുസാറ്റ്: ഡോ. വി. മധുവിന് ഫാക്കൽറ്റി എക്സ്ചേഞ്ച് അവാർഡ്



**കൊച്ചി:** കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സംയുക്തമായി സ്പോൺസർ ചെയ്യുന്ന റുസ പദ്ധതിയുടെ ഭാഗമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) അറ്റ്മോസ്ഫിയറിക് സയൻസസ് വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. വി. മധുവിന് ഫാക്കൽറ്റി എക്സ്ചേഞ്ച് അവാർഡ് ലഭിച്ചു. രണ്ട് മാസത്തെ ഗവേഷണത്തിന്റെ ഭാഗമായി മേരിലാൻഡ് സർവകലാശാലയിലെ (അഷ ടയഡങ്ങള) ഡിപ്പാർട്ട്മെന്റ് ഓഫ് അറ്റ്മോസ്ഫെറിക് ആൻഡ് ഓഷ്യാനിക് സയൻസസ് ചെയർ ആൻഡ് പ്രൊഫസർ പ്രൊഫസർ സുമന്ത് നിഗം, നാസ/ഗോഡ്ഡാർഡ് സ്പേസ് ഫ്ലൈറ്റ് സെന്ററിലെ (ചങ്കടഅ/ ഏടഎഇ) നാസഷാഡോസ് പ്രോജക്ട് പ്രിൻസിപ്പിൾ ഇൻവെസ്റ്റിഗേറ്റർ ഡോ.റയാൻ, എന്നിവരുമായി കൊച്ചിയിൽ നാസഷാഡോസ് സെൻറർ സ്ഥാപിക്കുന്നതിനുള്ള ചർച്ചകൾ നടന്നു. സ്റ്റോഫർ മേരിലാൻഡിലെ ഗ്രീൻ ബെൽറ്റിലെ നാസയുടെ ഗോഡ്ഡാർഡ് സ്പേസ് ഫ്ലൈറ്റ് സെന്ററുമായി സഹകരിച്ചും മേരിലാൻഡ് സർവകലാശാലയുടെ പിന്തുണയോടെയും നാസഷാഡോസ് സെന്റർ നിർമ്മിക്കും.

1998ൽ ആരംഭിച്ച സതേൺ ഹെമിസ്ഫിയർ അഡീഷണൽ ഓസോൺസോൺസ് പ്രോജക്ട്, വിയറ്റ്നാം, മലേഷ്യ, ഇന്തോനേഷ്യ, ഫിജി, ബ്രസീൽ, കെനിയ, ദക്ഷിണാഫ്രിക്ക തുടങ്ങിയ വിവിധ ഉഷ്ണമേഖലാ രാജ്യങ്ങളിൽ നിരവധി നാസഷാഡോസ് സെന്ററുകൾ സ്ഥാപിക്കുകയും ചെയ്തു. ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഇപ്പോഴത്തെ പശ്ചാത്തലത്തിൽ ഓസോൺ പാളിയുടെ വ്യതിയാനത്തെക്കുറിച്ച് നിരീക്ഷിക്കുകയും ഗവേഷണം നടത്തുകയും ചെയ്യുക എന്നതായിരുന്നു ലക്ഷ്യം. കുസാറ്റിൽ നാസഷാഡോസ് കേന്ദ്രം ആരംഭിക്കുന്നതോടെ മറ്റ് ഉഷ്ണമേഖലാ അംഗരാജ്യങ്ങൾക്കൊപ്പം ഇന്ത്യയും നാസഷാഡോസ് പദ്ധതിയുടെ ഭാഗമായിത്തീരും. ആഗോളതാപനം, കാലാവസ്ഥാ വ്യതിയാന ഗവേഷണം എന്നീ മേഖലകളിൽ നാസ/ജി. എസ്. എഫ്. സി, മേരിലാൻഡ് യൂണിവേഴ്സിറ്റി, കുസാറ്റ് എന്നിവയുടെ സഹകരണ ഗവേഷണത്തിന് കുസാറ്റിലെ ഈ പുതിയ നാസഷാഡോസ് സ്റ്റേഷൻ ഊർജ്ജം നൽകും.

അന്താരാഷ്ട്ര ഓസോൺ കമ്മീഷൻ (ഐഒസി), യുഎസിലെ എൻസിഎആർ/എൻഒഎഎ എന്നിവയുടെ ആഭിമുഖ്യത്തിൽ യുഎസ്എയിലെ ബോൾഡറിലെ കൊളറാഡോ സർവകലാശാലയിൽ നടന്ന അന്താരാഷ്ട്ര ക്വാഡ്രെനിയൽ ഓസോൺ സിമ്പോസിയത്തിൽ (ക്യുഒഎസ് 2024) ഡോ. വി. മധു ഒരു പ്രബന്ധം അവതരിപ്പിച്ചു. ഇറ്റലിയിലെ ബൊലോഗ്ന സർവകലാശാല (2008) കാനഡയിലെ ടൊറന്റോ സർവകലാശാല (2012) ഇറ്റലിയിലെ ട്രിസ്റ്റെയിലെ ഇന്റർനാഷണൽ സെന്റർ ഫോർ തിയററ്റിക്കൽ ഫിസിക്സ് (ഐ. സി. ടി. പി), (2011), ന്യൂസിലൻഡിലെ ക്വീൻസ്റ്റൗൺ (2014), സ്കോട്ട്ലൻഡിലെ എഡിൻബർഗ് സർവകലാശാല (2016), ദക്ഷിണ കൊറിയിലെ ഇഞ്ചിയോണിലെ കൊറിയൻ പോളാർ റിസർച്ച് സെന്റർ (കെഒപിആർഐ) (2018), ഫ്രാൻസിലെ ടൌലൌസിലെ മെറ്റിയോ ഫ്രാൻസ് (2017), യുഎസ്എ, സിഎ, ലോസ് ഏഞ്ചൽസിലെ കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (കാൽടെക്) (2018), ജപ്പാനിലെ ക്യോട്ടോ സർവകലാശാല (2018), നാഗോയ സർവകലാശാല (2018), ടോക്കിയോ സർവകലാശാല (2017), ജപ്പാൻ ഏജൻസി ഫോർ മറൈൻഎർത്ത് സയൻസ് ആൻഡ് ടെക്നോളജി (ജാംസ്റ്റെക്) യോകോഹോമ, ജപ്പാൻ കൊളറാഡോ സർവകലാശാല, യുഎസ്എ (2022) എന്നീ സർവകലാശാലകളിലും കുസാറ്റിനെ പ്രതിനിധീകരിച്ച് പേപ്പറുകൾ അവതരിപ്പിച്ചിട്ടുണ്ട്.

## പി.ജി നഴ്സിങ്: ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നൽകാം

**തിരുവനന്തപുരം:** 2024 ലെ പി.ജി നഴ്സിങ് കോഴ്സിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റിന് പരിഗണിക്കുന്നതിന് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നൽകാം.

ഓപ്ഷൻ കൺഫർമേഷൻ / പുന:ക്രമീകരണം / ഒഴിവാക്കൽ എന്നിവയ്ക്കുള്ള നടപടിക്രമങ്ങൾ ഒക്ടോബർ 16ന് ഉച്ചയ്ക്ക് 2 മണി വരെ www.cee.kerala.gov.in വെബ്സൈറ്റിൽ ലഭിക്കും. ലഭിക്കുന്ന ഓപ്ഷനുകൾ അടിസ്ഥാനമാക്കി താൽക്കാലിക അലോട്ട്മെന്റ് അന്നേദിവസം പ്രസിദ്ധീകരിക്കും. വിശദവിവരങ്ങൾക്ക്: www.cee.kerala.gov.in, ഫോൺ: 04712525300.

## ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി. കോഴ്സ്: ഒന്നാംഘട്ട അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

**തിരുവനന്തപുരം:** കേരളത്തിലെ നാല് ഗവൺമെന്റ് ലോ കോളേജുകളിലെ മുഴുവൻ സീറ്റുകളിലേക്കും 23 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെ സർക്കാർ സീറ്റുകളിലേക്കുമുള്ള ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി. കോഴ്സ് പ്രവേശനത്തിനുള്ള ഒന്നാംഘട്ട അന്തിമ അലോട്ട്മെന്റ് www.cee.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾ അലോട്ട്മെന്റ് മെമ്മോയും പ്രോസ്പെക്ടസ് ക്ലോസ് 19 ൽ പറയുന്ന അസൽ രേഖകളും സഹിതം ഒക്ടോബർ 22 ന് വൈകുന്നേരം 3 മണിക്കുള്ളിൽ ബന്ധപ്പെട്ട കോളേജിൽ നേരിട്ട് ഹാജരായി അഡ്മിഷൻ നേടണം. മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ ഒക്ടോബർ 18 മുതൽ 22 വൈകുന്നേരം 3 മണി വരെയാണ് പ്രവേശനം നടത്തുന്നത്. വിശദവിവരങ്ങൾക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഫോൺ: 0471 2525300.

## ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

**കോട്ടയം:** പള്ളിക്കത്തോട് ഗവൺമെന്റ് ഐടിഐയിൽ ഈഴവ വിഭാഗത്തിലുള്ളവർക്കായി വിവിധ ട്രേഡുകളിൽ ഗസ്റ്റ് ഇൻസ്ട്രക്ടർ തസ്തികയിൽ ഒക്ടോബർ 16,17 തീയതികളിൽ അഭിമുഖം നടത്തുന്നു.

വയർമാൻ, ഫുഡ് ആൻഡ് ബിവറേജസ് സർവീസ് അസിസ്റ്റന്റ്, ഡയറിയിങ് എന്നീ ട്രേഡുകളിലേക്ക് ഒക്ടോബർ 16 രാവിലെ 10 മണിക്കും, കമ്പ്യൂട്ടർ ഹാർഡ്‌വേർ ആൻഡ് നെറ്റ്‌വർക് മെയിന്റനൻസ്, ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റം എന്നീ ട്രേഡുകളിലേക്ക് ഒക്ടോബർ 17 രാവിലെ 10 മണിക്കുമാണ് അഭിമുഖം.

മേൽവിഭാഗത്തിൽപെട്ടവരുടെ അഭാവത്തിൽ മറ്റുള്ളവരെയും പരിഗണിക്കും. ബന്ധപ്പെട്ട ട്രേഡുകളിൽ ഡിഗ്രി/ഡിപ്ലോമ അല്ലെങ്കിൽ എൻ.ടി.സിയും മൂന്നുവർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ എൻ.എ.സി.യും രണ്ട് വർഷത്തെ പ്രവൃത്തിപരിചയവുമാണ് യോഗ്യത.

അസൽ സർട്ടിഫിക്കറ്റുകൾ, പകർപ്പുകൾ എന്നിവ സഹിതം ഹാജരാകണം. ഫോൺ: 0481 2551062, 6238139057.

# ആയുഷ് മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുക്കുന്നവരുടെ തുടർ ചികിത്സ ഉറപ്പാക്കും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഭാഗമായി ആയുഷ് വകുപ്പ്, പട്ടികജാതി പട്ടികവർഗ വികസന വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന ആയുഷ് മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുക്കുന്നവരുടെ തുടർ ചികിത്സ ഉറപ്പാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആയുഷ് വകുപ്പിന്റേയും ആരോഗ്യ വകുപ്പിന്റേയും വിവിധ സ്ഥാപനങ്ങളിലൂടെയാണ് ഇവരുടെ തുടർ ചികിത്സ ഉറപ്പാക്കുന്നത്. സംസ്ഥാനമൊട്ടാകെ സമയബന്ധിതമായി ക്യാമ്പുകൾ പൂർത്തിയാക്കാനാണ് ശ്രമിക്കുന്നത്. പൂർണമായും സൗജന്യമായ ഈ മെഡിക്കൽ ക്യാമ്പുകളിൽ, പൊതു ആരോഗ്യ പരിശോധനകളും മരുന്ന് വിതരണവും കൂടാതെ, പ്രാഥമിക ലബോറട്ടറി സേവനങ്ങൾ, ബോധവത്ക്കരണ ക്ലാസുകൾ, യോഗ പരിശീലനം എന്നിവയും ഉണ്ടാകുമെന്നും മന്ത്രി വ്യക്തമാക്കി. ആയുഷ് മെഡിക്കൽ ക്യാമ്പുകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.



ആദ്യമായിട്ടാണ് പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിനായി ഇങ്ങനെ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. മാതൃ ശിശു ആരോഗ്യമാണ് ഈ ക്യാമ്പുകളിലൂടെ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. പ്രത്യേക പരിഗണന അർഹിക്കുന്ന പട്ടികവർഗ വിഭാഗങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകും. വിളർച്ചാ നിവാരണം, ജീവിതശൈലീ രോഗങ്ങൾ, വയോജനാരോഗ്യം തുടങ്ങിയ വിവിധ വിഷയങ്ങൾക്ക് ഊന്നൽ നൽകിയാണ് പ്രവർത്തിക്കുക.

സമൂഹത്തിന്റെ ആരോഗ്യത്തിന് വ്യക്തികളുടേയും കുടുംബങ്ങളുടേയും ആരോഗ്യം അനിവാര്യമാണ് എന്നുള്ള ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വർഷം ആരോഗ്യ വകുപ്പ് പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ഇതിന്റെ ഭാഗമായാണ് ആയുഷ് വകുപ്പിന്റെ നേതൃത്വത്തിൽ 608 മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നത്. ഈ വർഷം ആയുഷ് വകുപ്പ് സംസ്ഥാനത്തുടനീളം 2408 വയോജന ക്യാമ്പുകൾ നടത്തുകയുണ്ടായി. നല്ല പ്രതികരണമാണ് ജനങ്ങളിൽ നിന്നും ലഭിച്ചത്. ഈ കാലഘട്ടത്തിൽ 150 ആയുഷ് സ്ഥാപനങ്ങൾക്ക് എൻഎബിഎച്ച് അക്രഡിറ്റേഷൻ ലഭിച്ചു. രണ്ടാം ഘട്ടത്തിൽ 100 സ്ഥാപനങ്ങൾക്ക് എൻഎബിഎച്ച് അക്രഡിറ്റേഷൻ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

കഴിഞ്ഞവർഷം സംസ്ഥാനത്ത് ആയിരത്തോളം യോഗ ക്ലബ്ബുകൾ ആരംഭിച്ചു. വീടുകളിൽ നിന്നും സഹോദരിമാർ ഉൾപ്പെടെ ഈ യോഗ ക്ലബ്ബുകളിലേക്ക് എത്തി യോഗ പരിശീലിക്കുന്ന കാഴ്ചയാണ് കണ്ടത്. ആ പ്രോത്സാഹനത്തിന്റെ അടിസ്ഥാനത്തിൽ പതിനായിരത്തോളം യോഗ ക്ലബുകൾ ഈ വർഷം തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ ആരംഭിക്കാൻ പോവുകയാണ്.

ജനിയ്ക്കുന്ന കുഞ്ഞുങ്ങൾക്ക് ആവശ്യമായിട്ടുള്ള തുടർച്ചയായ ആരോഗ്യ ഇടപെടൽ ഈ മേഖലയിൽ ഉറപ്പാക്കാനാണ് ശ്രമിക്കുന്നത്. നവജാത ശിശുക്കളുടെ സ്ക്രീനിങ്ങിന്റെ ഭാഗമായി അനീമിയ കൂടി ഉൾപ്പെടുത്തി. സിക്കിൾ സെൽ അനീമിയ രോഗികൾക്കായി ആദ്യമായി പോയിന്റ് ഓഫ് കെയർ ചികിത്സ ലഭ്യമാക്കി. അനീമിയ പരിഹരിക്കുന്നതിനായി ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന വിവ കേരളം പോലുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ ഇത്തരം ക്യാമ്പുകളിലൂടെ കഴിയുമെന്നും മന്ത്രി വ്യക്തമാക്കി.

പട്ടികജാതി പട്ടികവർഗ പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ. കേളു ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. ഡി. സജിത് ബാബു സ്വാഗതം ആശംസിച്ച ചടങ്ങിൽ ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ഇൻ ചാർജ് ഡോ. എം.പി. ബീന, ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പ് ഡയറക്ടർ ഡോ. ടി.ഡി. ശ്രീകുമാർ, പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ സജീവൻ, ഭാരതീയ ചികിത്സാ വകുപ്പ് ജോ. ഡയറക്ടർ ഡോ. സലജ കുമാരി, ഹോമിയോപ്പതി മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പ് പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ ഡോ. ടി.കെ. വിജയൻ, ആയുഷ് മിഷൻ സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാരായ ഡോ. സജി പി.ആർ., ഡോ. ആർ. ജയനാരായണൻ, ഡോ. അജിത അതിയടത്ത്, ഡോ. പ്രിയദർശിനി, മീനറാണി, ഡോ. ഷൈജു കെ.എസ്. എന്നിവർ പങ്കെടുത്തു.

---

## അറിയിപ്പുകൾ

### ലാബ് ടെക്നീഷ്യൻ താത്കാലിക നിയമനം

**കൊച്ചി:** ജില്ലാ ആയുർവേദ ആശുപത്രിയിൽ ലാബ് ടെക്നീഷ്യൻ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുവാൻ താല്പര്യമുള്ള ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷ ക്ഷണിച്ചു. നിയമനം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും. വിദ്യാഭ്യാസ യോഗ്യത ഡിഎംഎൽടി. ദിവസ വേതനം 600 രൂപ. നിയമന കാലാവധി 179 ദിവസം. അപേക്ഷകർ അഞ്ച് രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ച അപേക്ഷ തിരിച്ചറിയൽ രേഖകൾ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളും അവയുടെ ഓരോ കോപ്പിയും സഹിതം ഒക്ടോബർ 18 ന് രാവിലെ 11 ന് സ്ഥാപന മേധാവി മുമ്പാകെ ഇന്റർവ്യൂവിന് ഹാജരാകണം. കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവർത്തന സമയത്ത് (10.15 മുതൽ 05.15 വരെ) നേരിട്ട് അറിയാം.

### ലാബ് ടെക്നീഷ്യൻ

**കൊച്ചി:** ജില്ലാ പഞ്ചായത്ത് അനുവദിച്ച പാലിയേറ്റീവ് കെയർ പദ്ധതിയിലേക്ക് ചുവടെ നഴ്സ് തസ്തികയിലേക്ക് പ്രതിമാസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുവാൻ താല്പര്യമുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. നിയമനം ജില്ലാ പഞ്ചായത്തിന്റെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും. വിദ്യാഭ്യാസ യോഗ്യത ജി.എ9.എം. പ്രതിമാസ വേതനം 20000 രൂപ. നിയമന കാലാവധി ഒരു വർഷം. അപേക്ഷകർ അഞ്ച് രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ച അപേക്ഷ തിരിച്ചറിയൽ രേഖകൾ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളും അവയുടെ ഓരോ കോപ്പിയും സഹിതം ഒക്ടോബർ 18 ന് രാവിലെ 10 ന് സ്ഥാപന മേധാവി മുമ്പാകെ ഇന്റർവ്യൂവിന് ഹാജരാകണം. കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവർത്തന സമയത്ത് (10.15 മുതൽ 05.15 വരെ) നേരിട്ട് അറിയാം.

### അഡ്മിഷൻ ആരംഭിച്ചു

**കൊച്ചി:** കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ നടത്തുന്ന തൊഴിൽ അധിഷ്ഠിത സ്കിൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചു. പ്ലസ്ടു കഴിഞ്ഞവർക്ക് അപേക്ഷിക്കാം. ഒരു വർഷം, ആറു മാസ കോഴ്സുകൾ ചെയ്യുന്നതിലൂടെ ഇന്റേൺഷിപ്പും പ്ലേസ്മെന്റ് അസിസ്റ്റൻസും ലഭിക്കും. വിശദ വിവരങ്ങൾക്ക് ബിസിൽ ട്രെയിനിംഗ് ഡിവിഷൻ ഫോൺ: 8304926081.

### കമ്മിറ്റി രൂപീകരണം

**കൊച്ചി:** ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് ആന്റ് എൻജിനീയറിംഗ് വിംഗ് എറണാകുളം ജില്ലാ ഡിവിഷന്റെ നേതൃത്വത്തിലുള്ള ഇലക്ട്രിക്കൽ കമ്മിറ്റിയുടെ ഫോറത്തിൽ അംഗങ്ങളാകാൻ താത്പര്യമുള്ള പൊതുമരാമത്ത് (ഇലക്ട്രിക്കൽ), കെ.എസ്.ഇ.ബി., ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിരമിച്ചവരുമായ ഉദ്യോഗസ്ഥരെയും കൂടാതെ ബിടെക് ഇലക്ട്രിക്കൽ ബിരുദവും ഇലക്ട്രിക്കൽ ലൈസൻസ് ഉള്ളവരെയും ആവശ്യമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഡിവിഷൻ എറണാകുളം ജില്ലാ പഞ്ചായത്ത് കാര്യാലയവുമായി ബന്ധപ്പെടുക.

### ഗ്രോത്ത് പൾസ് പരിശീലനം

പ്രവർത്തന കാര്യക്ഷമത നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് അഞ്ച് ദിവസത്തെ ഗ്രോത്ത് പൾസ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഒക്ടോബർ 22 മുതൽ 26 വരെ വരെ കളമശേരിയിലുള്ള കീഡ് ക്യാമ്പസിലാണ് പരിശീലനം. നിലവിൽ സംരംഭം തുടങ്ങി അഞ്ച് വർഷത്തിൽ താഴെ പ്രവൃത്തി പരിചയമുള്ള സംരംഭകർക്ക് മാർക്കറ്റിംഗ് സ്ട്രാറ്റജീസ്, ഫിനാൻഷ്യൽ മാനേജ്മെന്റ്, ജിഎസ്ടി ആന്റ് ടാക്സേഷൻ, ഓപ്പറേഷണൽ എക്സലൻസ്, സെയിൽസ് പ്രോസസ് ടീം മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 3,540/ രൂപ ആണ് അഞ്ച് ദിവസത്തെ പരിശീലന ഫീസ് (കോഴ്സ് ഫീ, സെർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജിഎസ്ടി ഉൾപ്പടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,500/ രൂപയാണ് ഫീസ്. പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിൽ പെട്ടവർക്ക് 2,000 രൂപ താമസം ഉൾപ്പെടെയും 1,000 രൂപ താമസം കൂടാതെയുമാണ് പരിശീലനത്തിന്റെ ഫീസ്. താത്പര്യമുള്ളവർ കീഡിന്റെ വെബ്ബൈറ്റായ www.kled.infot/raining-calender/ ൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890/2550322/9188922785.

### സീനിയർ റസിഡന്റ് നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ വിഭാഗങ്ങളിലേക്ക് അസി. പ്രൊഫസർമാരെ / സീനിയർ റസിഡന്റ്മാരെ 73,500/ നിരക്കിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിക്കുന്നു. ഉദ്യോഗാർത്ഥികൾ ഒക്ടോബർ 17ന് രാവിലെ 11 മുതൽ ഉച്ചയ്ക്ക് ഒന്നു വരെ യോഗ്യത, വയസ്, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ എന്നിവ തെളിയിക്കുന്ന ഒറിജിനൽ രേഖകൾ സഹിതം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ ഹാജരാകണം. പ്രവർത്തി പരിചയം അഭികാമ്യം.

### അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിദ്യാഭ്യാസ ധനസഹായ പദ്ധതിയുടെ 202425 വർഷത്തേക്കുള്ള അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തെ വിവിധ ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷക ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കാണ് വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുള്ളത്. എസ്എസ്എൽസി, പ്ലസ് ടു, ഗ്രാജുവേഷൻ, എന്നീ പ്രൊഫഷണൽ തലങ്ങളിലാണ് ധനസഹായം നൽകുന്നത്. അപേക്ഷകർ 202324 അക്കാദമിക് വർഷത്തിൽ മേൽ പരാമർശിച്ചിട്ടുള്ള തലങ്ങളിൽ പഠനം പൂർത്തീകരിച്ചതും 202425 വർഷം യോഗ്യതാ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവരും ആയിരിക്കണം. പദ്ധതിയുടെ വിശദവിവരങ്ങളും അപേക്ഷയും കേരള ക്ഷീര കർഷക ക്ഷേമനിധിയുടെ വെബ്സൈറ്റായ www.kdfwf.org. ലഭ്യമാണ്. വിശദ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീര വികസന യൂണിറ്റ് ഓഫീസുമായി ബന്ധപ്പെടണം. ക്ഷീരവികസന യൂണിറ്റ് തലത്തിൽ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 25.

### ഓഫീസ് മാറ്റം

**കൊച്ചി:** കൊച്ചി, പള്ളുരുത്തി, കുമ്പളങ്ങി വഴിയിൽ പ്രവർത്തിച്ചിരുന്ന കൊച്ചി ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഗ്രേഡ് 2, ഇൻസ്പെക്ടറുടെ കാര്യാലയം, കൊച്ചി അഡീഷണൽ ഇൻസ്പെക്ടറുടെ കാര്യാലയം എന്നിവ കാക്കനാട് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയം പ്രവർത്തിക്കുന്ന കെൻറെക്ക് ബിൽഡിംഗിൽ, രണ്ടാം നിലയിൽ പ്രവർത്തനം ആരംഭിച്ചു. ഫോൺ : 0484 2232525.



# സിബിഎസ്ഇ കൊച്ചി സഹോദയ കലോത്സവത്തിന് വർണ്ണാഭമായ തുടക്കം

**കൊച്ചി:** കൗമാര പ്രതിഭകളുടെ കലാപ്രകടനങ്ങളുമായി സിബിഎസ്ഇ കൊച്ചി സഹോദയ കലോത്സവത്തിന് വർണ്ണാഭമായ തുടക്കം. വിദ്യാർത്ഥികളിലെ കലാപരമായ കഴിവുകളെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തിരുവാണിയൂരിലെ കൊച്ചിൻ റിഫൈനറീസ് സ്കൂളിൽ സംഘടിപ്പിക്കുന്ന കലോത്സവത്തിന്റെ ഉദ്ഘാടനം ചലച്ചിത്ര താരം മുത്തുമണി സോമസുന്ദരം നിർവഹിച്ചു.

മത്സരങ്ങളിൽ കേവലം വിജയം കൈവരിക്കുക എന്ന സമീപനമല്ല മത്സരാർത്ഥികൾ സ്വീകരിക്കേണ്ടതെന്നും തങ്ങളുടെ കഴിവുകളെ കൂടുതൽ മെച്ചപ്പെടുത്താനുള്ള അവസരമായി കണക്കാക്കണമെന്നും മുത്തുമണി സോമസുന്ദരം പറഞ്ഞു.

കൊച്ചി സഹോദയ പ്രസിഡന്റും കൊച്ചിൻ റിഫൈനറീസ് സ്കൂൾ പ്രിൻസിപ്പലുമായ വിനുമോൻ മാത്യു അധ്യക്ഷത വഹിച്ചു. ചടങ്ങിൽ വടുതല ചിന്മയ വിദ്യാലയ പ്രിൻസിപ്പലും കൊച്ചി സഹോദയ സെക്രട്ടറിയുമായ വി. പ്രതിഭ, തൃപ്പൂണിത്തുറ ശ്രീനാരായണ വിദ്യാപീഠം പ്രിൻസിപ്പലും സഹോദയ വൈസ് പ്രസിഡന്റുമായ എം.ആർ. രാഖി പ്രിൻസ്, എരൂർ ഭവൻസ് വിദ്യാമന്ദിർ പ്രിൻസിപ്പലും കൊച്ചി സഹോദയ ട്രഷററുമായ ഇ.പാർവതി, കൊച്ചിൻ റിഫൈനറീസ് സ്കൂൾ വൈസ് പ്രിൻസിപ്പൽ പ്രേമലത ഷാജി എന്നിവർ പങ്കെടുത്തു.

കൊച്ചിൻ റിഫൈനറീസ് സ്കൂളിലും പരമഭട്ടാര കേന്ദ്രീയ വിദ്യാലയത്തിലുമായാണ് മത്സര വേദികൾ സജ്ജീകരിച്ചിട്ടുള്ളത്. മൂന്നു ദിവസങ്ങളിലായി 43 സ്കൂളുകളിൽ നിന്നും 3200 വിദ്യാർത്ഥികളാണ് മത്സരത്തിൽ പങ്കെടുക്കുന്നത്. 26 സ്റ്റേജുകളിൽ നാല് വിഭാഗങ്ങളിലായി 140 ഇനങ്ങളിലാണ് മത്സരങ്ങൾ.



# ടോക് എച്ച് പബ്ലിക് സ്കൂൾ മുന്നിൽ

സിബിഎസ്ഇ കൊച്ചി സഹോദയ കലോത്സവത്തിന്റെ ആദ്യ ദിനത്തിൽ 131 പോയിന്റോടെ വൈറ്റില ടോക് എച്ച്. പബ്ലിക് സ്കൂൾ മുന്നിൽ. കാക്കനാട് ഭവൻസ് ആദർശ വിദ്യാലയ 110 പോയിന്റോടെ രണ്ടാം സ്ഥാനത്തും വടുതല ചിന്മയ വിദ്യാലയ 109 പോയിന്റോടെ മൂന്നാം സ്ഥാനത്തും തുടരുന്നു.

തിരുവാണിയൂർ കൊച്ചിൻ റിഫൈനറീസ് സ്കൂളിലും പരമഭട്ടാര കേന്ദ്രീയ വിദ്യാലയത്തിലും സജ്ജീകരിച്ച വേദികളിലായിരുന്നു മത്സരങ്ങൾ സംഘടിപ്പിച്ചത്.

വിവിധ വിഭാഗങ്ങളിലായി ഭരതനാട്യം, നാടോടി നൃത്തം, സംഘനൃത്തം, മാപ്പിളപ്പാട്ട്, കോൽക്കളി , ദഫ്മുട്ട്, ഒപ്പന, സംഘഗാനം, ദേശഭക്തി ഗാനം, മലയാളംഹിന്ദിഅറബിക് പദ്യപാരായണം, ശാസ്ത്രീയ സംഗീതം, ലളിത ഗാനം, മലയാളം, ഇംഗ്ലീഷ് പ്രസംഗ മത്സരം, പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ, പെൻസിൽ ഡ്രോയിംഗ്, കാർട്ടൂൺ, ഇംഗ്ലീഷ് മലയാളം ഹിന്ദി, കഥാ രചന , കവിതാ രചന, ഉപന്യാസ രചന തുടങ്ങിയ ഇനങ്ങളിലാണ് ആദ്യദിനം മത്സരങ്ങൾ നടന്നത്.



## ദേശീയതയാകണം എല്ലാ സാഹിത്യസൃഷ്ടികളുടെ യും ഊർജ്ജസ്രോതസ്സ്: എഴുമറ്റൂർ രാജരാജവർമ്മ

**തിരുവനന്തപുരം:** ഒരു നിലവിളക്കിൽ ഏഴു തിരികളിട്ട് ദീപം തെളിയിച്ചാലും അവയുടെയെല്ലാം ഊർജ്ജസ്രോതസ്സ് ഒരേ എണ്ണയാണെന്നതുപോലെ ഭാരതീയ ദേശീയതയാകണം എല്ലാ സാഹിത്യസൃഷ്ഠികളുടെയും ഊർജ്ജസ്രോതസ്സ് എന്ന് ശ്രീ എഴുമറ്റൂർ രാജരാജവർമ്മ ചൂണ്ടിക്കാട്ടി. അഖില ഭാരതീയ സാഹിത്യ പരിഷത്ത് തിരുവനന്തപുരത്ത് സംഘടിപ്പിച്ച കവി സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു, അദ്ദേഹം. സമ്മേളനം ഉത്ഘാടനം ചെയ്ത ശ്രീമതി ഉഷാരാജാ വാര്യർ വേദകാല ഭാഷയ്ക്കുശേഷം, വർത്തമാനകാലത്തെ കൃത്രിമ ബുദ്ധി നിർമ്മിതികളുടെ ശൈലിയിൽ കൃത്യതയും പൂർണ്ണതയും ഉറപ്പുവരുത്തി രൂപപ്പെടുത്തിയ ഭാഷയാണെന്നതാണ് സംസ്കൃതത്തിന്റെ ശ്രേഷ്ഠതയെന്നും ആ സംസ്കൃതഭാഷാ സാഹിത്യമാണ് ഭാരതീയ സാഹിത്യത്തിന്റെ സ്രോതസ്സെന്നും വിശദീകരിച്ചു. യോഗാദ്ധ്യക്ഷൻ, കെ. വി. രാജശേഖരൻ, സംസ്കൃതത്തെ ഭാരതത്തിന്റെ ദേശീയ ഭദേശീക്കുവാനുള്ള ആശയം ഭരണഘടനാ നിർമ്മാണ സഭയിൽ സമർപ്പിച്ച ഡോ ഭീം റാവു റാംജി അംബേദ്കറെ പോലും ആ നിർദ്ദേശം നിർബന്ധിക്കാതിരിക്കാൻ സമ്മർദ്ദം ചെയ്ത സാമൂഹിക സാഹചര്യം, ദൗർഭാഗ്യവശാൽ ഇന്നും തുടരുകയാണെന്ന് ഓർമ്മിപ്പിച്ചു. സംസ്കൃതവും മറ്റെല്ലാം ഭാരതീയ ഭാഷകളും പ്രാമുഖ്യം നേടുകയെന്ന ലക്ഷ്യത്തിനുവേണ്ടി അഖിലഭാരതീയ സാഹിത്യ പരിഷത്ത് ഏറ്റെടുക്കുന്ന ഓരോ ദൗത്യവും കാലഘട്ടത്തിന്റെ അനിവാര്യതയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സമ്മേളനത്തിനു മുന്നോടിയായി നവതി ആഘോഷിക്കുന്ന കവി ശ്രീ പി. നാരായണക്കറുപ്പിനെ, പരിഷത്ത് പ്രതിനിധികളായ ഡോ കെ.സി. അജയകുമാർ, ജെ സോമശേഖര പിള്ള, അഡ്വ. ബി.കെ മധു, തിരുമല ജയകുമാർ, എന്നിവർ അദ്ദേഹത്തിന്റെ വസതിയിലെത്തി ആദരിച്ചു. ഓണവും പരിസ്ഥിതിയും എന്ന വിഷയത്തിൽ അഖിലകേരള തലത്തിൽ നടന്ന കവിതാ രചനാ മത്സരത്തിൽ വിജയികളായ വി.കെ. ലീലാമണി, തിരുവനന്തപുരം (ഒന്നാം സമ്മാനംരൂ.5000/ ഫലകം), എൻ.എസ്സ്. നാരായണൻ നമ്പൂതിരി, എറണാകുളം (രണ്ടാം സമ്മാനം രൂ.3000/ ഫലകം), സുകുമാരൻ കല്ലടിക്കോട്, പാലക്കാട് (മൂന്നാം സമ്മാനം രൂ.2000/ ഫലകം), വിജയകുമാർ മിത്രക്കമഠം, തിരുവനന്തപുരം (മൂന്നാം സമ്മാനം രൂ.2000/), എന്നിവർക്കുള്ള പുരസ്കാരങ്ങൾ സമ്മേളനത്തിൽ വെച്ച് വിതരണം ചെയ്തു. **കൊച്ചി:**

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** ജില്ലയിലെ വാഴക്കുളം ഐസിഡിഎസ്. പ്രോജക്ടിലെ കിഴക്കമ്പലം പഞ്ചായത്ത് 106ാം നമ്പർ അങ്കണവാടി സക്ഷം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണ പ്രവർത്തങ്ങൾ. (ആധുനിക സജ്ജീകരണത്തോടു കൂടിയുള്ള അടുക്കള, ബേബി ഫ്രണ്ട്‌ലി പെയിന്റിംഗ്, പോഷൻ വാടിക, പ്രീസ്കൂൾ കളി ഉപകരണങ്ങൾ എന്നീ പ്രവൃത്തികൾ) നടത്തുന്നതിന് താര്യമുള്ള ജി.എസ്.റ്റി രജിസ്ട്രേഷൻ ഉള്ള വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച മത്സര സ്വഭാവമുള്ള ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബര് 28ന് ഉച്ചയ്ക്കു ശേഷം 2.30 വരെ.

കൂടുതൽ വിവരങ്ങൾക്ക് എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 നും വൈകിട്ട് അഞ്ചിനും ഇടയിൽ വാഴക്കുളം ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന വാഴക്കുളം ശിശുവികസന പദ്ധതി ഓഫീസിൽ ലഭിക്കും. (ഫോൺ: 0484 2677209, 9495841372)

## ഇടെണ്ടർ ക്ഷണിച്ചു

**കൊച്ചി:** എൽ.എൻ.ജി പെട്രോനെറ്റ് സി.എസ്.ആർ ഫണ്ടിൽ ഉൾപ്പെടുത്തി കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് മുഖേന നിർമ്മിക്കുന്ന 'സരോജിനി നായിഡു സ്മാർട്ട് അംഗൻവാടി പന്തപ്ര കോളനി' പദ്ധതിയുടെ ഇലക്ട്രിക്കൽ പ്രവൃത്തിക്കുള്ള ഇടെണ്ടർ ക്ഷണിച്ചു.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും, www.lsgkerala.gov.in അറിയാം. (ഫോൺ: 0485 2822544). വെബ് സൈറ്റിൽ ടെൻഡർ സർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 23 ഉച്ചയ്ക്ക് ഒന്നു വരെ.

# സിവിൽ എഞ്ചിനീയർമാരുടെ ദേശീയ സമ്മേളനം കൊച്ചിയിൽ

**കൊച്ചി:** ദി ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ് (ഇന്ത്യ) യുടെ 39 മത് ദേശീയ സമ്മേളനം 17,18 തീയതികളിൽ കൊച്ചിയിൽ നടക്കും. കലൂർ ഗോകുലം കൺവൻഷൻ സെന്ററിലാണ് കൊച്ചി ലോക്കൽ സെന്റർ ആതിഥേയത്വം വഹിക്കുന്ന ദ്വിദിന സമ്മേളനം നടക്കുക. 17 ന് രാവിലെ പത്ത് മണിക്ക് കേന്ദ്രമന്ത്രി നിഥിൻ ഗഡ്ഗരി സമ്മേളനം ഉദ്ഘാടനം ചെയ്യും. ഐ ഇ ഐ സി വി ഡി ബി ചെയർമാൻ ഡോ. അനിൽ ജോസഫ് അധ്യക്ഷത വഹിക്കും. മെട്രോമാൻ ഡോ . ഇ ശ്രീധരൻ, എ ഐ സി ടി ഇ ചെയർമാൻ പ്രൊഫ. ഡോ .ടി.ജി സീതാറാം, ഐ ഇ ഐ പ്രസിഡന്റ് ഡോ. ജി.രംഗനാഥൻ എന്നിവർ വിശിഷ്ട അധിതികളായിരിക്കും . കൊച്ചി ലോക്കൽ സെന്റർ ചെയർമാൻ ജി.വേലായുധൻ നായർ, ദേശീയ കൺവൻഷൻ കൺവീനർ കെ.എസ് ബാബു, ഐ ഇ ഐ നിയുക്ത പ്രസിഡന്റ് വി ബി സിംഗ്,ഓർഗനൈസിംഗ് സെക്രട്ടറി അബ്ദു, ഐ ഇ ഐ കൊച്ചി ലോക്കൽ സെന്റർ ഓണററി സെക്രട്ടറി ടി സി പ്രശാന്ത് എന്നിവർ പ്രസംഗിക്കും. മികച്ച എഞ്ചിനീയർമാർക്കുള്ള അവാർഡ്, മികച്ച യുവ എഞ്ചിനീയർമാർക്കുള്ള അവാർഡ് എന്നിവ ഉദ്ഘാടന ചടങ്ങിൽ സമ്മാനിക്കും. കേരളത്തിലെ സിവിൽ എഞ്ചിനീയറിംഗ് രംഗത്തെ പ്രഗത്ഭരെ ചടങ്ങിൽ ആദരിക്കും. തുടർന്ന് ജയ് കൃഷ്ണ സ്മാരക പ്രഭാഷണവും സാങ്കേതിക സെഷനുകളും നടക്കും.18 ന് രാവിലെ എട്ടര മുതൽ സാങ്കേതിക സെഷനുകളും പ്രഭാഷണങ്ങളും നടക്കും. ഉച്ചയ്ക്ക് രണ്ടരയ്ക്ക് സിവിൽ എഞ്ചിനീയറിങ്ങിന്റെ ഭാവി എന്ന വിഷയത്തിൽ പാനൽ ചർച്ച നടക്കും.വൈകിട്ട് മൂന്നരയ്ക്ക് നടക്കുന്ന സമാപന സമ്മേളനത്തിൽ ഹൈബി ഈഡൻ എംപി മുഖ്യാതിഥിയാകും. നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ വൈസ് ചെയർമാൻ വി. സുരേഷ് വിശിഷ്ടാതിഥിയായി പങ്കെടുക്കും. ഡോ.അനിൽ ജോസഫ് സമാപന പ്രസംഗം നടത്തും. ജി.വേലായുധൻ നായർ സ്വാഗതവും ടി സി പ്രശാന്ത് നന്ദിയും പറയും.

# മീനുകളെ കുറിച്ചുള്ള അറിവുകൾ ജനകീയമാക്കാൻ കൊച്ചിയിൽ ഫിഷ് വാക്

**കൊച്ചി:** മീനുകളെ കുറിച്ചുള്ള അറിവുകൾ ജനകീയമാക്കുന്നതിനായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) കൊച്ചിയിൽ ഫിഷ് വാക് സംഘടിപ്പിക്കുന്നു. മത്സ്യസമുദ്രജൈവവൈവിധ്യ പ്രത്യേകതകൾ പൊതജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. പക്ഷി നിരീക്ഷണത്തിന് സമാനമായി, മത്സ്യപ്രേമികൾക്ക് കടൽജീവജാലങ്ങളെ കൂടുതലായി അടുത്തറിയാനുള്ള അവസരമൊരുക്കുകയാണ് ഫിഷ് വാക്.വിവിധ ഘട്ടങ്ങളിലായി നടക്കുന്ന ഫിഷ് വാകിന്റെ ആദ്യപരിപാടി ഒക്ടോബർ 19ന് ശനിയാഴ്ച നടക്കും. തുടർന്നുള്ളവ ഒക്ടോബർ 26, നവംബർ 16, 23 തീയതികളിൽ നടക്കും. സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞർക്കും ഗവേഷകർക്കുമൊപ്പം ഫിഷിംഗ് ഹാർബറുകൾ, ലാൻഡിംഗ് സെന്ററുകൾ എന്നിവ സന്ദർശിച്ച് കടലിൽ നിന്ന് പിടിക്കപ്പെടുന്ന മീനുകളുടെ വിവരങ്ങൾ ശേഖരിക്കും.

മീനുകളെ കുറിച്ചുള്ള ശാസ്ത്രീയമായ വിവരങ്ങൾ ഫിഷ് വാകിനെത്തുന്നവർക്ക് പരിചയപ്പെടുത്തും. സമുദ്രമത്സ്യ സമ്പത്തുമായി ബന്ധപ്പെട്ട അറിവുകൾ ജനകീയമാക്കുന്നതിൽ ഫിഷ് വാക് ഒരു വഴിത്തിരിവാകുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.

മത്സ്യമേഖലയുമായി ബന്ധപ്പെട്ട ശാസ്ത്രീയഗവേഷണങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്ന സിറ്റിസൺ സയൻസ് രീതി ശക്തിപ്പെടുത്തുന്നതും ഇതിന്റെ ലക്ഷ്യമാണ്. മാത്രമല്ല, മത്സ്യമേഖലയുമായി ബന്ധപ്പെട്ട വെല്ലുവിളികൾ പൊതുജനശ്രദ്ധയിൽ കൊണ്ടുവരാനും സമുദ്രവിഭവ സംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽകരണവും പരിപാടിയുടെ ഭാഗമായി നടക്കും.

കടൽജൈവവൈവിധ്യത്തിൽ തൽപരരായവരെയാണ് ഫിഷ് വാകിൽ പങ്കാളികളാക്കുന്നത്. സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും മറൈൻബയോളജിയിൽ താൽപര്യമുള്ള പൊതുജനങ്ങൾക്കും ഫിഷ് വാകിൽ പങ്കെടുക്കാം. മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. പേര്, വയസ്സ്, ആധാർ നമ്പർ, താൽപര്യം പ്രകടിപ്പിക്കുന്ന പ്രസ്താവന തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളുന്ന അപേക്ഷ fishwalkcmfri@gmail.com എന്ന ഇമെയിലിലക്ക് അയക്കണം. അവസാന തീയതി ഒക്ടോബർ 17. ഫോൺ 8301048849.

## ലോക മാനസികാരോഗ്യദിനം ആചരിച്ചു

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ലോക മാനസികാരോഗ്യ ദിനം ആചരിച്ചു. മന:ശാസ്ത്ര വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കാലടി മുഖ്യ ക്യാമ്പസിൽ നടന്ന ചടങ്ങിൽ ആലീസ് പൗലോസ് മുഖ്യപ്രഭാഷണം നടത്തി. മന:ശാസ്ത്ര വകുപ്പ് മേധാവി ഡോ. സി. എ. സന്ധ്യ അരവിന്ദ് അധ്യക്ഷയായിരുന്നു. എൽ. ജി. സോന, കെ. ആർ. ആതിര, പി. എസ്. സനുഷ എന്നിവർ പ്രസംഗിച്ചു. മാനസികാരോഗ്യം പ്രമേയമാക്കി വിദ്യാർത്ഥികൾ കാമ്പസിൽ പോസ്റ്റർ പ്രദർശനം സംഘടിപ്പിച്ചു.



# കൊച്ചി നഗരത്തിനായി സാംസ്കാരിക നയരേഖ

**കൊച്ചി:** നഗരത്തിന്റെ സാംസ്കാരിക നയ രേഖയുടെ കരട് രൂപം അവതരിപ്പിച്ചു. ഇന്ത്യയിലെ ഏതെങ്കിലും നഗരത്തിനായി തയ്യാറാക്കുന്ന ആദ്യ സാംസ്കാരിക നയ രേഖയാണ് ഇത്. കൊച്ചിയുടെ നാനാവിധത്തിലുള്ള ചരിത്ര സാംസ്കാരിക സർഗാത്മക സവിശേഷതകളെ കോർത്തിണക്കി തയ്യാറാക്കിയിരിക്കുന്ന നയ രേഖയുടെ ആദ്യ അവതരണം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ ഹാളിൽ നടന്നു. കൊച്ചി നഗരസഭയുടെ നിർദ്ദേശപ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാല സെൻറർ ഫോർ അർബൻ സ്റ്റഡീസും സി ഹെഡും ചേർന്നാണ് നയരേഖയുടെ കരട് രൂപം തയ്യാറാക്കിയത്.

സുസ്ഥിര വികസനത്തിനായുള്ള നഗര നയം, ഭാഷാ സംസ്കാരം, പ്രായോഗിക വാസ്തുവിദ്യ, പ്രായോഗിക കല, കൊച്ചിയുടെ കൾച്ചറൽ ഹബ്ബ് രൂപരേഖ , പാരിസ്ഥിതികവും കാലാവസ്ഥാപരവുമായ സാംസ്കാരികത, ലിംഗസമത്വ സമഗ്രത, പരിസ്ഥിതി സംസ്കാരം, സംസ്കാരത്തെ പ്രവർത്തനക്ഷമമാക്കുന്ന ആധുനിക സാങ്കേതികവിദ്യ, ശിശുകേന്ദ്ര ഇടങ്ങൾ തുടങ്ങിയ പതിനൊന്ന് ഉപവഭാഗങ്ങളായി തിരിച്ചുകൊണ്ടുള്ള നയരേഖാ നിർദേശങ്ങളിൽ വിപുലമായ ചർച്ചകൾ നടന്നു. കൊച്ചിയുടെ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖർ, വിവിധ സാംസ്കാരിക സംഘടന പ്രതിനിധികൾ, വിദ്യാഭ്യാസ പ്രവർത്തകർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

കൊച്ചിയുടെ കാർഷിക സംസ്കാരം, ഭക്ഷണ വൈവിധ്യത, ഭാഷാ സംസ്കാരം,ലോകത്തിലെ പ്രധാന കടലോര നഗരം എന്ന നിലയിൽ കൊച്ചിയുടെ മറ്റ് നഗരങ്ങളുമായുള്ള സാംസ്കാരിക ബന്ധങ്ങൾ, ജൈവ വൈവിധ്യം, തൊഴിൽ സംസ്കാരം, ഗതാഗത ചരക്ക് നീക്ക സംസ്കാരം, ദേശീയ അന്തർദേശീയ സംസ്കാരങ്ങളുടെ സമന്വയം തുടങ്ങിയ കാര്യങ്ങൾ കൂടി സംസ്കാരിക നയരേഖയുടെ ഭാഗമാകണം എന്ന് യോഗം വിലയിരുത്തി.

കൊച്ചിയുടെ സാംസ്കാരിക നയരേഖയുടെ കരട് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന രീതിയിൽ ഉടൻ പ്രസിദ്ധീകരിക്കും. പ്രസിദ്ധീകരിച്ച തീയതി മുതൽ ഒരു മാസക്കാലം താല്പര്യമുള്ളവർക്കെല്ലാം നയരേഖയുടെ കരടിൽ അഭിപ്രായം എഴുതി അറിയിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തും. മൂല്യവത്തായ അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രമായ കൊച്ചിയുടെ സാംസ്കാരിക നയരേഖ കൗൺസിൽ അനുമതിയോടെ പ്രസിദ്ധീകരിക്കുമെന്നും മേയർ പറഞ്ഞു.

# ലോക കാഴ്ചാദിനം: നേത്ര പ്രദർശനവും വാക്കത്തോണും സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി നഗരസഭ, ആദി ഗ്രൂപ്പ്, മെഡിക്കൽ ട്രസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ഒപ്റ്റോമെട്രി വിഭാഗം എന്നിവയുമായി സഹകരിച്ച് ലോക കാഴ്ച ദിനാചരണത്തിന്റെ ഭാഗമായി എഎസ്ജി വാസൻ ഐ ഹോസ്പിറ്റൽ നേത്ര പ്രദർശനവും വാക്കത്തോണും സംഘടിപ്പിച്ചു. നേത്രാരോഗ്യത്തെക്കുറിച്ചും വിവിധ നേത്രരോഗങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച പരിപാടി കൊച്ചി നഗരസഭ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ടി.കെ അഷ്റഫ് ഉദ്ഘാടനം ചെയ്തു.നേത്ര പ്രദർശനത്തിൽ കണ്ണിന്റെ വിശദമായ മാതൃകകൾ, ഘടന, കോർണിയ, ഗ്ലോക്കോമ, റെറ്റിന, തിമിരം എന്നിവയുടെ പ്രത്യേകതകൾ ഉൾപ്പെടെ നേത്രാരോഗ്യത്തിന്റെ വിവിധ വശങ്ങൾ പ്രദർശിപ്പിക്കുന്ന ആറ് വിജ്ഞാനപ്രദമായ കൗണ്ടറുകളുണ്ടായിരുന്നു. സാധാരണമായ നേത്രരോഗങ്ങളും അവയുടെ ചികിത്സയും എടുത്തു പറയുന്നവയായിരുന്നു ഓരോ സ്റ്റാളും. പ്രദർശനത്തിനു ശേഷം പൊതുജനങ്ങൾക്ക് നേത്രസംരക്ഷണത്തെക്കുറിച്ച് ബോധവത്കരണ ക്ലാസും നടന്നു. തേവര എസ്.എച്ച് ഹൈസ്കൂൾ, ആദി ഇൻസ്റ്റിറ്റ്യൂട്ട്, ഐബിസ് അക്കാഡമി എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുൾപ്പെടെ നാനൂറോളം പേർ പരിപാടിയിൽ പങ്കെടുത്തു.

വാക്കത്തോൺ പള്ളിമുക്കിലെ ആദി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ആരംഭിച്ച് എഎസ്ജി വാസൻ ഐ ഹോസ്പിറ്റലിൽ അവസാനിച്ചു.

# കെ.യു.ഡബ്ല്യൂ.ജെ സംസ്ഥാന സമ്മേളനം: വനിതാ സംഗമം ഇന്ന്

**കൊച്ചി :** പത്രപ്രവർത്തക യൂണിയൻ 60 ാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന വനിത സംഗമം ഇന്ന് ( ഒക്ടോബർ 15, ചൊവ്വ )ഉച്ചയ്ക്ക് ശേഷം രണ്ടിന് എറണാകുളം സെന്റ് തെരേസാസ് കോളേജ് സെമിനാർ ഹാളിൽ നടക്കും." ജോലിയും ജീവിതവും സ്ത്രീകൾ പറയുന്നു " എന്ന വിഷയത്തിൽ നടക്കുന്ന പാനൽ ചർച്ച കോസ്റ്റൽ പൊലീസ് എ ഐ ജി ജി.പൂങ്കുഴലി ഉദ്ഘാടനം ചെയ്യും. പ്രസ് ക്ലബ് വൈസ് പ്രസിഡന്റ് സ്മിത എൻ.കെ അധ്യക്ഷത വഹിക്കും. മാധ്യമ മേഖലയിൽ നിന്ന് പ്രജുല കമലേഷ്, സ്മിത ഹരിദാസ്, അപർണ കുറുപ്പ്, ലക്ഷ്മി പത്മ, ശ്രീജ ശ്യാം, ഗീതാ ബക്ഷി, പി. ന്യ കിരൺ , അപർണ കാർത്തിക , റിയാ ബേബി വനിതാ നേതാക്കളായ ദീപാ കെ രാജൻ, അഡ്വ. ദീപ്തി മേരി വർഗീസ്, അഡ്വ സൂര്യ ബിനോയ്, സ്മിത മേനോൻ, സി.വി സജിനി എന്നിവർ പാനൽ ചർച്ചയിൽ പങ്കെടുക്കും. സെന്റ് തെരേസാസ് കോളേജുമായി സഹകരിച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഒക്ടോബർ 17 മുതൽ 19 വരെയാണ് കെ.യു.ഡബ്ല്യൂ.ജെ സംസ്ഥാന സമ്മേളനം.

# ഐ ടെസ്റ്റ് മെനുവുമായി ടൈറ്റൻ ഐ പ്ലസ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര നേത്ര പരിചരണ ബ്രാൻഡായ ടൈറ്റൻ ഐ പ്ലസ് ഇന്ത്യൻ റോഡുകൾ സുരക്ഷിതമാക്കുന്നതിൻറെ ഭാഗമായി 'ദ ഐ ടെസ്റ്റ് മെനു' അവതരിപ്പിച്ചു. റോഡിൽ ജീവൻ അപകടത്തിലാകുന്നതിന് കാരണമാകുന്ന ഡ്രൈവർമാർക്കിടയിലെ കാഴ്ച സംബന്ധിച്ച പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനായുള്ള ശ്രമമാണ് ലോക കാഴ്ച ദിനത്തിൽ ടൈറ്റൻ ഐ പ്ലസ് ആരംഭിച്ചിരിക്കുന്നത്.കാഴ്ച വൈകല്യത്തെക്കുറിച്ചും കണ്ണിൻറെ ആരോഗ്യത്തിൻറെ പ്രാധാന്യത്തെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനാണ് ആഗോളതലത്തിൽ ലോക കാഴ്ച ദിനം ആചരിക്കുന്നത്.

നേത്ര സംരക്ഷണത്തിനായി വരാൻ ഡ്രൈവർമാർ പലപ്പോഴും താൽപ്പര്യപ്പെടാത്തതിനാൽ, അവരിലേക്ക് നേത്ര പരിചരണം എത്തിക്കുവാനാണ് ടൈറ്റൻ ഐ പ്ലസ് ശ്രമിക്കുന്നതെന്ന് ടൈറ്റൻ കമ്പനി ഐ കെയർ ഡിവിഷൻ മാർക്കറ്റിംഗ് ഹെഡ് മനീഷ് കൃഷ്ണമൂർത്തി പറഞ്ഞു. ഈ സംരംഭത്തിൻറെ ഭാഗമായി, ട്രക്ക് ഡ്രൈവർമാർ ഭക്ഷണത്തിനും വിശ്രമത്തിനുമായി നിർത്തുന്ന ധാബ പോലുള്ള സ്ഥലങ്ങളിൽ ടൈറ്റൻ ഐ പ്ലസ് നേത്രപരിശോധനാ ക്യാമ്പുകൾ സംഘടിപ്പിച്ചു. വിശ്രമ സമയം നേത്ര സംരക്ഷണത്തിനുള്ള ഒരു അവസരം കൂടിയാക്കി മാറ്റി. പരമ്പരാഗത ഭക്ഷണ മെനുവിന് പകരം കാഴ്ച പ്രശ്നങ്ങൾക്കായി ഡ്രൈവർമാരെ പരിശോധിക്കുന്നതിനായുള്ള ലളിതമായ ഒരു 'ഐ ടെസ്റ്റ് മെനു' അവതരിപ്പിച്ചു.

ചുവരുകളിൽ പ്രദർശിപ്പിച്ച ഈ മെനു ഒരു നേത്ര പരിശോധനയുടെ മാതൃകയെ അനുകരിച്ചു. ഭക്ഷണ ഓർഡർ നൽകുന്നതിന്, ഡ്രൈവർമാർ ഈ 'ഐ ടെസ്റ്റ് മെനു' ഉപയോഗിക്കണം. അതിലൂടെ അവരുടെ കാഴ്ച പ്രശ്നങ്ങൾ ഉടനടി വ്യക്തമായി.ധാബകളിൽ നടത്തിയ നേത്രപരിശോധനാ ക്യാമ്പുകളിൽ വിദഗ്ദ്ധരായ ഒപ്റ്റോമെട്രിസ്റ്റുകളാണ് പരിശോധനകൾക്ക് നേതൃത്വം നൽകിയത്. കാഴ്ച പ്രശ്നങ്ങൾ കണ്ടെത്തിയ ഡ്രൈവർമാർക്ക് അവ പരിഹരിക്കുന്നതിനായി കണ്ണടകൾ നിർദ്ദേശിക്കപ്പെട്ടു. കണ്ണടകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കി. ഈ സംരംഭം ഇതിനകം 7,000ൽ അധികം ഡ്രൈവർമാരിൽ എത്തിച്ചേർന്നിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# കൊച്ചിയിൽ കോൾ ഓഫ് ദ ബ്ലൂ വീക്കെൻഡുമായി യമഹ

**കൊച്ചി:** കൊച്ചിയിൽ ദ കോൾ ഓഫ് ദ ബ്ലൂ വീക്കെൻഡ് (സി.ഒ.ടി.ബി) സംഘടിപ്പിച്ച് ഇന്ത്യ യമഹ മോട്ടോർ പ്രൈവറ്റ് ലിമിറ്റഡ് (ഐ.വൈ.എം). യമഹയുടെ ബ്രാൻഡ് ക്യാംപയിന് കീഴിൽ അങ്കമാലി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടന്ന പരിപാടിയിൽ 1700ലധികം യമഹ ആരാധകർ പങ്കെടുത്തു.



യമഹയുടെ സൂപ്പർബൈക്കുകളുടെ പ്രദർശനത്തോടൊപ്പം റൈഡിങ്ങ് പ്രേമികൾക്ക് യമഹയുടെ നിരയിലേക്ക് സൂപ്പർ സ്പോർട്ട് ആർ 3, ഹൈപ്പർ നേക്കഡ് എം.ടി 03 ബൈക്കുകളുടെ മാസ്മരിക സാന്നിധ്യവും ആവേശമേകി. കൂടാതെ എക്സ്ക്ലൂസീവ് ബ്രാൻഡ് ആക്സസറികളും വസ്ത്രങ്ങളും ആസ്വദിക്കാൻ ബൈക്കേഴ്സ് കഫെയും പരിപാടിക്ക് പകിട്ടേകി. പരിപാടിക്ക് ആവേശമേകാൻ ഗെയിമിങ്ങ് സോണിലെ മോട്ടോ ജിപി റേസ് മത്സരവും ഒരുക്കിയിരുന്നു.

ഉപഭോക്താക്കളുടെ ജീവിതശൈലിയുടെ ഭാഗമായി റൈഡിംഗ് സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബ്രാൻഡിന്റെ പ്രതിബദ്ധതയെക്കുറിച്ച് അവബോധം വളർത്തുന്നതിനായി കമ്പനി വർഷം മുഴുവനും ഇന്ത്യയിലെ നിരവധി സ്ഥലങ്ങളിൽ ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നത് തുടരും.

'ദ കോൾ ഓഫ് ദി ബ്ലൂ' വീക്കെൻഡ് ആക്റ്റിവിറ്റിയിലൂടെ, ഇന്ത്യയിലുടനീളമുള്ള വിശാലമായ പ്രേക്ഷകരുമായി ഇടപഴകാനും അവരുടെ ആവേശകരമായ ഉൽപ്പന്ന ശ്രേണി പ്രോത്സാഹിപ്പിക്കാനും യമഹ ലക്ഷ്യമിടുന്നു.

# കെ.എം.എ ലീഡർ ഇൻസൈറ്റിൽ ആക്സൽ ഗുയാൻ

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ ലീഡർ ഇൻസൈറ്റിൽ ചൂസ് പാരിസ് റീജിയൻ ഇന്ത്യ കൺട്രി മാനേജർ ആക്സൽ ഗുയോൻ മുഖ്യാതിഥിയായി. സുസ്ഥിര നവീകരണം പാരീസ് ഒളിംപിക്സിൽ നിന്നുള്ള പാഠങ്ങൾ എന്ന വിഷയത്തിലാണ് അദ്ദേഹം സംസാരിച്ചത്.സുസ്ഥിരത നിലനിർത്താനും അവ നടപ്പാക്കാനും പാരീസ് ഒളിംപിക്സിൽ സ്വീകരിച്ച നിരവധി മാർഗ്ഗങ്ങൾ മാതൃകയാക്കാമെന്ന് അദ്ദേഹം പറഞ്ഞു. വസ്തുക്കൾ ചെറിയ ഉപയോഗ്ത്തിന് പിന്നാലെ ഉപേക്ഷിക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നതിന് പകരം പുനരുപയോഗിക്കാനാവുന്നവ അത്തരത്തിൽ പുനർ നിർമിക്കുകയാണ് വേണ്ടത്.നിലവിലുള്ള അ




ടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ പുനർനിർമിക്കുകയും പാരിസ്ഥിതിക നയം അവതരിപ്പിക്കുകയും വേണം. ദീർഘകാലാടിസ്ഥനത്തിലാണ് നയങ്ങൾ രൂപപ്പെടുത്തേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

കാർബൺ പുറന്തള്ളൽ കുറക്കാൻ പൂർണമായും പൊതുഗതാഗത സംവിധാനം ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കെ എം എ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷതവഹിച്ചു. കെ എം എ മാനേജിംഗ് കമ്മിറ്റി അംഗം രൂപ ജോർജ്ജ് സ്വാഗതവും സെക്രട്ടറി ഡോ. അനിൽ ജോസഫ് നന്ദിയും പറഞ്ഞു.

# വനിതകൾക്ക് തൊഴിൽ പരിശീലനം

**ആലുവ:** ഇസാഫ് ഫൗണ്ടേഷൻ വനിതകൾക്കായി കൂൺകൃഷി പരിശീലനം ഒക്ടോബർ 17ന് സംഘടിപ്പിക്കുന്നു. ആലുവ ഗവൺമെന്റ് ഹോസ്പിറ്റലിനു സമീപമുള്ള ഇസാഫ് ഫൗണ്ടേഷൻ പരിശീലന കേന്ദ്രത്തിലാണ് ക്ലാസ് നടക്കുക. ഫോൺ; 9072600771, 04843548159.

# പിരമൽ ഫിനാൻസ് ബിസിനസ്, ഭവന വായ്പകൾ തുടരും

**കൊച്ചി:** റീട്ടെയിൽ വായ്പകൾ വളർത്തുന്നതിൻറെ ഭാഗമായി ഭവന, ബിസിനസ് വായ്പകൾ വിപുലീകരിക്കുന്നതു തുടരുമെന്ന് പിരമൽ ഫിനാൻസ് പ്രഖ്യാപിച്ചു. ചെറുകിട പട്ടണങ്ങളിലേക്ക് ബ്രാഞ്ച് ശൃംഖല വർധിപ്പിച്ച് ഭവന വായ്പകൾക്കും മറ്റ് പദ്ധതികൾക്കും അവിടെ നിന്നുള്ള ആവശ്യം നിറവേറ്റുകയാകും കമ്പനി ചെയ്യുകയെന്ന് പിരമിൽ ഫിനാൻസ് വിപണന വിഭാഗം മേധാവി അരവിന്ദ് അയ്യർ പറഞ്ഞു.പിരമൽ ഫിനാൻസ് കൈകാര്യം ചെയ്യുന്ന റീട്ടെയിൽ ആസ്തികൾ 50,000 കോടി രൂപ കടന്നിട്ടുണ്ട്. ഇതിൻറെ 45 ശതമാനവും ഭവന വായ്പകളാണ്. വസ്തുവിൻറെ ഈടിൻമേലുള്ള വായ്പകൾ 25 ശതമാനമാണ്. 13,000 പിൻ കോഡുകളിലായി 500 ശാഖകളുടെ സാന്നിധ്യമാണ് കമ്പനിക്കുള്ളത്. 1.3 ദശലക്ഷം ഉപഭോക്താക്കളും 13,700 ജീവനക്കാരും പിരമിൽ ഫിനാൻസിനുണ്ട്. ഉപഭോക്താക്കളുമായി ന്യായവും സുതാര്യവുമായ ബന്ധം വഴി ആവശ്യങ്ങൾ നിറവേറ്റാൻ സഹായിക്കുന്ന സേവനങ്ങളാണ് തങ്ങൾ ലഭ്യമാക്കുകയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# വി ബിസിനസ്സ് ഇൻഫിനിറ്റി ലാബ്സ് സഹകരണം

**കൊച്ചി:** ഹൈബ്രിഡ് എസ്ഡിവാൻ സംവിധാനത്തിൻറെ ഭാഗമായി ഇന്ത്യയിൽ നിർമ്മിച്ച എസ്ഡിവാൻ സംവിധാനം അവതരിപ്പിക്കാനായി വി ബിസിനസ് ഇൻഫിനിറ്റി ലാബ്സ് ലിമിറ്റഡുമായി തന്ത്രപരമായ സഹകരണത്തിൽ ഏർപ്പെടും. നിർമ്മിത ബുദ്ധി അധിഷ്ഠിത സുരക്ഷാ സംവിധാനങ്ങൾ ലഭ്യമാക്കാനായി ഈ സഹകരണം ടെലികോം സേവനദാതാവായ വിയുടെ സംരംഭക വിഭാഗമായ വി ബിസിനസ്സിനെ സഹായിക്കുമെന്ന് ഇൻഫിനിറ്റി ലാബ്സ് ലിമിറ്റഡ് മാനേജിങ് ഡയറക്ടറും സിഇഒയുമായ രാകേഷ് ഗോയൽ പറഞ്ഞു. ഡിജിറ്റൽ യുഗത്തിൽ ഇന്ത്യൻ ബിസിനസുകൾക്ക് ആവശ്യമായ സുരക്ഷ നൽകി അവയെ ശാക്തീകരിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ ഈ സഹകരണം വഴിയൊരുക്കുമെന്ന് വി ബിസിനസ്സ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറ് റോചക് കപൂർ പറഞ്ഞു. ഉയർന്നു വരുന്ന സൈബർ ആക്രമണങ്ങൾക്കെതിരെ ഇന്ത്യൻ സംരംഭങ്ങൾക്ക് മികച്ച പ്രതിരോധമാകും ഇതിലൂടെ ലഭിക്കുക. ഹൈബ്രിഡ് നെറ്റ്വർക്ക്, ഇൻറഗ്രേറ്റഡ് സെക്യൂരിറ്റി, ഇൻറലിജൻറ് റൂട്ടിംഗ്, മോണിറ്ററിംഗ്, അനലിറ്റിക്സ് എന്നിവ പോലുള്ള പരിഹാരങ്ങൾ ബിസിനസുകൾക്ക് നൽകുന്നതിനാണ് ഹൈബ്രിഡ് എസ്ഡിവാൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

## ജൂഡ് ഗോമസ് ഏജസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് എംഡിയും സിഇഒയുമായി നിയമിതനായി

**മുംബൈ:** ജൂഡ് ഗോമസ് ഏജസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് എംഡിയും സിഇഒയുമായി നിയമിതനായി. ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (ഐആർഡിഎഐ) അംഗീകാരത്തോടെയാണ് നിയമനം.



ഇൻഷുറൻസ്ബാങ്കിംഗ് രംഗത്ത് മുതിർന്ന സ്ഥാനങ്ങളിൽ 30 വർഷത്തിലേറെ ദേശീയ അന്തർദേശീയ അനുഭവ സമ്പത്തുള്ള ജൂഡ് ഗോമസ് ഫിലിപ്പൈൻസിലെ മാനുലൈഫ് ചൈന ബാങ്കിൽ സിഇഒ ആയും ശ്രീലങ്കയിലെ യൂണിയൻ അഷ്വറൻസ് പിഎൽസിയിൽ സിഇഒ ആയും പ്രവർത്തിച്ചിട്ടുണ്ട്. അതിനുമുമ്പ്, വിയറ്റ്നാമിലെ മാനുലൈഫിന്റെ ചീഫ് പാർട്ണർഷിപ്പ് ഡിസ്ട്രിബ്യൂഷൻ ഓഫീസറായിരുന്നു. ഹോങ്കോങ്ങിൽ എച്ച്എസ്ബിസി ഹെഡ് ഓഫീസിലും പ്രവർത്തിച്ചു. ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ ലൈഫ് ഇൻഷുറർ എച്ച്ഡിഎഫ്സി സ്റ്റാൻഡേർഡ് ലൈഫ് ഇൻഷുറൻസ് സ്ഥാപിക്കുന്നതിനുള്ള പ്രധാന ടീമിന്റെ ഭാഗമായിരുന്നു അദ്ദേഹം. എച്ച്എസ്ബിസി കാനറ ഓറിയന്റൽ ബാങ്ക് ഓഫ് കൊമേഴ്സ് ലൈഫ് ഇൻഷുറൻസിന്റെ സ്ഥാപക അംഗം കൂടിയായിരുന്നു. ഈ അടുത്ത കാലം ഹോങ്കോങ് ആസ്ഥാനമാക്കി, ഏജസിലെ ബിസിനസ് ഡെവലപ്മെന്റ് റീജിയണൽ ഡയറക്ടറായിരുന്നു.

# ആരാധകർക്കായി ധോണി ആപ്പ്

**കൊച്ചി:** ക്രിക്കറ്റ് താരം ധോണിയുടെ ആരാധകർക്ക് അവിസ്മരണീയ സമ്മാനമായി ധോണി ആപ്പ് ഒരുക്കി സിംഗിൾ ഐഡി. ധോണിയുടെ എക്സ്ക്ലൂസീവ് വിഡിയോകളും ചിത്രങ്ങളും കാണുവാനും സംവദിക്കാനുമുള്ള അവസരമാണ് ധോണി ആപ്പിലൂടെ സജ്ജമാക്കിയിരിക്കുന്നത്. സോഷ്യൽ മീഡിയ ഉൾപ്പെടെ ഒരിടത്തും ലഭിക്കാത്ത ചിത്രങ്ങളും വിഡിയോകളുമാണ് ആരാധകർക്ക് ഇവിടെ കാണുവാൻ സാധിക്കുക.




സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം പോലെ പ്രവർത്തിക്കുന്ന ആപ്പിൽ, തന്റെ ജീവിതത്തിൽ ഒപ്പിയെടുത്ത എക്സ്ക്ലൂസീവ് ചിത്രങ്ങളും വിഡിയോകളും ധോണി തന്നെ പോസ്റ്റ് ചെയ്യും.

ആപ്പ് ഉപയോഗിക്കുന്നവർക്ക് ഈ ചിത്രങ്ങളും മറ്റും കാണുവാനും ലൈക്ക് ചെയ്യുവാനും സാധിക്കും. ഇതിനായുള്ള പ്രീരജിസ്ട്രേഷൻ ആരംഭിച്ചതായി സിംഗിൾ ഐഡി ഡയറക്ടറും കൊച്ചി ബ്ലൂ ടൈഗേഴ്സ് ഉടമയുമായ അഡ്വ. സുഭാഷ് മാനുവൽ പറഞ്ഞു. www.dhoniapp.com എന്ന ലിങ്കിലൂടെ ആദ്യം രജിസ്റ്റർ ചെയ്യുന്ന ഒരു ലക്ഷം പേർക്കാണ് പ്ലാറ്റ്ഫോം സേവനം സൗജന്യമായി ലഭിക്കുക. രജിസ്ട്രേഷനായി ഉപഭോക്താക്കൾക്ക് ഇമെയിൽ ഐഡി മാത്രം നൽകിയാൽ മതി.

ആപ്പ് സ്റ്റോറിലും ഗൂഗിൾ പ്ലേ സ്റ്റോറിലും ലഭ്യമായ ആപ്പിലൂടെ ആരാധകർക്ക് തങ്ങളുടെ പ്രിയതാരത്തിന്റെ കരിയറിലെ സുപ്രധാന നിമിഷങ്ങൾ കാണുവാനും പുത്തൻ സാങ്കേതികവിദ്യയിലൂടെ അവ ആസ്വദിക്കാനും സാധിക്കും. ക്രിക്കറ്റ് ലോകത്ത് ധോണിയുടെ സംഭാവനകൾ ഓർമ്മപ്പെടുത്തുന്ന ഈ ആപ്പ് മഹത്തായ യാത്രയുടെ ഭാഗമാവുകയാണെന്ന് അഡ്വ. സുഭാഷ് മാനുവൽ പറഞ്ഞു.

ധോണിയുടെ വിരളമായ ചിത്രങ്ങളും ഫാൻ ഇന്ററാക്ഷനും ഒരുക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്നും ലോകമെമ്പാടുമുള്ള ക്രിക്കറ്റ് പ്രേമികൾക്ക് ആപ്പിലൂടെ സ്പെഷ്യൽ ചിത്രങ്ങൾ കാണുവാൻ സാധിക്കുമെന്നും സിംഗിൾ ഐഡി ഗ്ലോബൽ സിഇഒ ബിഷ്സ്മെയർ പറഞ്ഞു.

## ഡൈസൺ വെറ്റ് ഫ്ലോർ ക്ലീനർ പുറത്തിറക്കി

**കൊച്ചി:** ഡൈസൺ വെറ്റ് ഫ്ളോർ ക്ലീനർ ഇന്ത്യയിൽ പുറത്തിറക്കി.ശുചിത്വമുള്ള വൃത്തിയാക്കലിനും പരിപാലനത്തിനുമായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഡൈസൺ വാഷ് ജി1 വെറ്റ് ഫ്ളോർ ക്ലീനർ പാദങ്ങൾക്ക് വൃത്തിയുടെ അനുഭവം നൽകാനായി നനഞ്ഞതും ഉണങ്ങിയതുമായ അവശിഷ്ടങ്ങൾ ഒറ്റയടിക്ക് നീക്കം ചെയ്യുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഡൈസൺ വാഷ് ജി1 വെറ്റ് ഫ്ലോർ ക്ലീനർ ഇന്ത്യയിൽ ഉടനീളം ഡൈസൺ. ഇൻ , ഡൈസൺ ഡെമോ സ്റ്റോറുകളിൽ 64,900 രൂപയ്ക്ക് ലഭ്യമാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## ആക്സിസ് ബാങ്ക് സ്പ്ലാഷ്, മൽസരങ്ങൾ സംഘടിപ്പിക്കുന്നു

**കൊച്ചി:** ഏഴു മുതൽ 14 വയസു വരെയുള്ള കുട്ടികൾക്കായി ആക്സിസ് ബാങ്ക് സ്പ്ലാഷ് ദേശീയതല കലാ, കരകൗശല, സാഹിത്യ മൽസരങ്ങൾ നടത്തും. ലോകത്തോടുള്ള നന്ദി പ്രകടിപ്പിക്കാൻ ക്രിയാത്മകത എന്നതാണ് ഈ വർഷത്തെ സ്പ്ലാഷ് മൽസരങ്ങളുടെ പ്രമേയം. ൦൦൦.മഃശയെമിസുഹെമവൈ.രീ വഴി 2024 നവംബർ 30 വരെ എൻട്രികൾ സമർപ്പിക്കാം.

തെരഞ്ഞെടുത്ത ബാങ്ക് ബ്രാഞ്ചുകൾ, സ്ക്കൂളുകൾ, മാളുകൾ, റസിഡൻഷ്യൽ വെൽഫെയർ അസോസ്സിയേഷനുകൾ എന്നിവ വഴിയും ആക്സിസ് ബാങ്ക് മൽസരങ്ങൾ നടത്തും. ഡിജിറ്റലായും ഫിസിക്കലായും നടത്തുന്ന ഈ മൽസരങ്ങൾ വഴി ഏഴു ലക്ഷം പേരിലേക്ക് എത്താനാണ് ബാങ്ക് ഉദ്ദേശിക്കുന്നത്. ഏഴു മുതൽ പത്തു വയസു വരെയുള്ളവർക്കും 11 മുതൽ 14 വയസു വരെയുള്ളവർക്കും വേണ്ടി രണ്ടു വിഭാങ്ങളിലായാവും മൽസരങ്ങൾ. യുവ മനസുകളിൽ ക്രിയാത്മകമായ നിരവധി ആശയങ്ങളാണ് ഉള്ളതെന്നും അതിൽ നിന്നു പഠിക്കാൻ നിരവധിയുണ്ടെന്നും ഇതേക്കുറിച്ചു പ്രതികരിക്കവെ ആക്സിസ് ബാങ്ക് ചീഫ് മാർക്കറ്റിങ് ഓഫിസർ അനൂപ മനോഹർ പറഞ്ഞു. ഓരോ വിഭാഗത്തിലേയും മൂന്നു ഫൈനലിസ്റ്റുകൾക്ക് രണ്ടു ലക്ഷം രൂപ വരുന്ന സമ്മാനങ്ങൾ ലഭിക്കും. രണ്ടാം സ്ഥാനക്കാർക്ക് ഒരു ലക്ഷം രൂപ വീതമായിരിക്കും ലഭിക്കുക.

## പുതിയ ഐഎസ്ഡി പ്ലാനുകൾ അവതരിപ്പിച്ച് ജിയോ

**മുംബൈ:** റിലയൻസ് ജിയോ പുതിയ ഐഎസ്ഡി പ്ലാനുകൾ അവതരിപ്പിച്ചു. 21 അന്താരാഷ്ട്ര ലക്ഷ്യസ്ഥാനങ്ങളിലേക്കാണ് പ്ലാനുകൾ അവതരിപ്പിച്ചിരിക്കുന്നത്. ഓരോ രാജ്യത്തിനും അനുസരിച്ചുള്ള സവിശേഷ ഐഎസ്ഡി പ്ലാനുകൾ ലഭ്യമാണെന്ന് ജിയോ അറിയിച്ചു. ഐഎസ്ഡി മിനുറ്റുകൾ ക്രമീകരിച്ച വാല്യു ഫോർ മണി പ്ലാനുകളാണ് അവതരിപ്പിച്ചിരിക്കുന്നത്. ഹൈബ്രിഡ് റീചാർജ് പാക്കുകളാണെന്ന പ്രത്യേകതയുമുണ്ട്. എല്ലാ ജിയോ പ്രീപെയ്ഡ്, പോസ്റ്റ് പെയ്ഡ് വരിക്കാർക്കും ഇത് ലഭ്യമാകും. ആവശ്യത്തിന് അനുസരിച്ച് എത്ര തവണ വേണമെങ്കിലും റീചാർജ് ചെയ്യാം.

യുഎഇ, സൗദി അറേബ്യ, തുർക്കി, കുവൈറ്റ്, ബഹ്റൈൻ തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലേക്കുള്ള പുതിയ ഐഎസ്ഡി മിനിറ്റ് പാക്കുകൾ 99 രൂപയ്ക്ക് ലഭ്യമാണ്. 10 മിനിറ്റിന്റെ ആനുകൂല്യമാണ് ഉപഭോക്താവിന് ലഭിക്കുക. ചൈന, ഭൂട്ടാൻ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലേക്ക് 15 മിനിറ്റ് സംസാരിക്കാൻ 89 രൂപയുടെ പാക്ക് ലഭ്യമാണ്. യുകെ, ജർമനി, ഫ്രാൻസ്, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിലേക്കുള്ള പ്ലാനിന് 79 രൂപയാണ് വില. ഓസ്ട്രേലിയ, ന്യൂസിലൻഡ് തുടങ്ങിയടങ്ങളിലേക്ക് 69 രൂപയ്ക്കും സിംഗപ്പൂർ, തായ്ലൻഡ്, മലേഷ്യ, ഹോങ്കോംഗ് തുടങ്ങിയ രാജ്യങ്ങളിലേക്ക് 59 രൂപയ്ക്കുമുള്ള പ്ലാനുകൾ ലഭ്യമാണ്. ബംഗ്ലാദേശ് പ്ലാനിന് 49 രൂപയ്ക്ക് 20 മിനിറ്റിന്റെ ആനുകൂല്യം ലഭ്യമാണ്. യുഎസ്എ, കാനഡ തുടങ്ങിയ രാജ്യങ്ങളിലേക്കുള്ള പ്ലാനിന് 39 രൂപയ്ക്ക് 30 മിനിറ്റിന്റെ ആനുകൂല്യങ്ങൾ ലഭിക്കുമെന്നും ജിയോ അറിയിച്ചു

## ഓൺലൈൻ തട്ടിപ്പുകൾക്കെതിരെ ബോധവത്ക്കരണവുമായി മെറ്റ

**കൊച്ചി:** ഓൺലൈൻ തട്ടിപ്പുകൾക്കെതിരെ'കുംഭകോണങ്ങളിൽ നിന്ന് രക്ഷ നേടൂ' എന്ന സുരക്ഷാ ക്യാമ്പയിന് തുടക്കം കുറിച്ച് മെറ്റ. ഇലക്ട്രോണിക്സ്, ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയവുമായും (എംഇഐടിവൈ), ഇന്ത്യൻ സൈബർ ക്രൈം കോഓർഡിനേഷൻ സെന്ററുമായും (ഐ4സി) ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിങ്ങ് മന്ത്രാലയവുമായും (എംഐബി) സഹകരിച്ചു കൊണ്ടാണ് മെറ്റ ഈ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ഓൺലൈനിൽ ജനങ്ങളെ സുരക്ഷിതരാക്കുവാനുള്ള കമ്പനിയുടെ പ്രതിബദ്ധതക്ക് ഊന്നൽ നൽകുന്നതിനും കുംഭകോണങ്ങളുടേയും സൈബർ തട്ടിപ്പുകളുടേയും തോത് രാജ്യത്ത് ഉയർന്നു വരുന്ന സാഹചര്യത്തെ കാര്യക്ഷമമായി നേരിടുക എന്നുള്ള സർക്കാരിന്റെ ലക്ഷ്യത്തെ പിന്തുണയ്ക്കുന്നതിനും വേണ്ടിയാണ് മെറ്റ ഈ പ്രചാരണം സംഘടിപ്പിക്കുന്നത്.

Meta

തങ്ങളുടെ ദൈനംദിന ജീവിതത്തിൽ ജനങ്ങൾ നേരിടുന്ന സർവ്വസാധാരണമായ ചില തട്ടിപ്പുകളാണ് ഈ ബോധവൽക്കരണ പ്രചാരണത്തിൽ പ്രദർശിപ്പിക്കുന്നത്. ഇതിലൂടെ ജനങ്ങളെ മുൻകരുതലോടെയിരിക്കുവാനും ഏതെങ്കിലും ചെയ്യുന്നതിനു മുൻപായി ജാഗ്രത പാലിക്കുവാനും പ്രോത്സാഹിപ്പിക്കുന്നു. ഫെയ്സ്ബുക്ക്, ഇൻസ്റ്റാഗ്രാം, വാട്സാപ്പ് എന്നിവയിലെ സുരക്ഷാ ഫീച്ചറുകളുടെ വലിയ ഒരു നിര എടുത്തുകാട്ടുന്ന ഈ ക്യാമ്പയിൻ തങ്ങളുടെ ഓൺലൈൻ സുരക്ഷിതത്വത്തിനുമേൽ നിയന്ത്രണം കൈവരിക്കുവാൻ ഉപയോക്താക്കളെ ശാക്തീകരിക്കുന്നു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663